# ഓർത്തഡോക്സ് യുവജനം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



നവംബർ 2015



# പ്രസ്ഥാനത്തിന്റെ പുതിയ സാരഥികൾ



റവ. ഫാ. ഫിലിപ്പ് തരകൻ
കേന്ദ്ര വൈസ് പ്രസിഡന്റ്



ജോജി. പി. തോമസ്
കേന്ദ്ര ട്രഷറാർ



ഏബ്രഹാം പി. കോശി



അനീഷ് കോശി സഖറിയ

യുവജനം മാസിക എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

## മേഖല സെക്രട്ടറിമാർ



ജോബിൻ കെ ജോർജ്



അഡ്വ. നോബിൻ
അലക്സ് സഖറിയ



ഷിജോ മാത്യു



സന്തോഷ് ചെറിയാൻ



ആശിഷ് ജോസ്

## കേന്ദ്ര സെക്രട്ടറിമാർ



ഡോ. ബിനോയി ടി.
തോമസ്



കെ. വൈ. ബിജു



പ്രൊഫ. ചിക്കു
ഏബ്രഹാം




ജിഷാ മറിയം
എൽവിൻ



സിബിൻ എം.
ദാനിയേൽ



റവ. ഫാ. ബിജോ രാജൻ
കോ - ഓഡിനേറ്റർ




**EDITORIAL BOARD**

***എഡിറ്റോറിയൽ ബോർഡ്***

*പ്രസിഡന്റ്*
യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

*കേന്ദ്ര വൈസ് പ്രസിഡന്റ്*
ഫാ. മാത്യൂസ് റ്റി. ജോൺ

*കേന്ദ്ര ജനറൽ സെക്രട്ടറി*
ഫാ. പി. വൈ. ജെസൻ

*കേന്ദ്ര ട്രഷറാർ*
പ്രിനു റ്റി. മാത്യൂസ്

*ചീഫ് എഡിറ്റർ*
ജോജി. പി. തോമസ്, പീടിയേക്കൽ

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് ജോർജ്ജ്

*ബോർഡ് അംഗങ്ങൾ*
പ്രസാദ് ഏബ്രഹാം, നെൽപുരമാളിക്കയിൽ
ജെറിൻ ജേക്കബ് കോശി

**ഓർത്തഡോക്സ് യുവജനം മാസികയുടെ വരിക്കാരാകുവാൻ**

| | | |
|---|---|---|
| ഒരു വർഷം | – | 100 രൂപ |
| രണ്ട് വർഷം | – | 200 രൂപ |
| അഞ്ച് വർഷം | – | 400 രൂപ |

**പരസ്യ നിരക്ക്**

| | | |
|---|---|---|
| Back Cover | - | 15,000. 00 |
| Front Inner | - | 10000. 00 |
| Back Inner | - | 8000. 00 |
| Full Page Inner | - | 2500. 00 |
| Half Page Inner | - | 1500. 00 |

*Layout, Design & Printing*
Peediakkal, Thiruvalla
94958 37117, 94479 00996

# ഓർത്തഡോക്സ് യുവജനം

**മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം**

**വാല്യം : 7 ലക്കം : 29 നവംബർ 2015**

## ഉൾത്തുടിപ്പുകൾ

**പട്ടത്വവും നൽവരങ്ങളും**

**പരുമലയിലെ വിശുദ്ധസാന്നിദ്ധ്യവും യൗവ്വനങ്ങളുടെ നിയോഗവും**
ഫാ. സജി വർഗ്ഗീസ് അമയിൽ

**വിശുദ്ധൻ വിളിക്കുന്നു**
ഡോ. പോൾ മണലിൽ

**പരിമളം പരത്തുന്ന പരുമല തിരുമേനി**
ഫാ.ഷൈജു കുര്യൻ

**പരിശുദ്ധ പരുമല തിരുമേനി വിളി ഉറപ്പാക്കിയ മുനിശ്രേഷ്ഠൻ**
പ്രിനു റ്റി. മാത്യൂസ്

**വാർദ്ധക്യം എന്ന സാമൂഹിക നിർമ്മിതി**
ഫാ.യൂഹനോൻ ജോൺ

**ഉന്നതിയുടെ മല പരുമല**
ഫാ. അജി കെ. തോമസ്

**ഇരുളിൽ ദ്യുതി പകർന്ന മഹാപരിശുദ്ധൻ**
ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്

**ദുഃഖങ്ങൾ സാരമില്ല**
ജോൺ എം. ചാണ്ടി

**വിലാസം**
**ഓർത്തഡോക്സ് യുവജനം**
*സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ*
*പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം – 1*
*ഫോൺ : 04812583997*
website : www.ocymonline.org
e.mail : indianocym@gmail.com
fb group : www.facebook.com/groups/yuvajanam



# പ്രസിഡന്റിൽ നിന്നും

യുവജന പ്രസ്ഥാനത്തിലെ സജീവ പ്രവർത്തകരും, ഉത്തമ അംഗങ്ങളും, അകമഴിഞ്ഞ് പ്രസ്ഥാനത്തെ സഹായിക്കുകയും, നന്മ കാണുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എപ്പേർപ്പെട്ടവർക്കും എഴുതുന്നത്.

പരി.സഭയുടെ കലണ്ടർ വർഷം അവസാനിക്കുകയാണ്. ഒക്ടോബർ 25-ാം തിയതി ഞായറാഴ്ച കലണ്ടർ വർഷം അവസാനിക്കുമ്പോൾ നവംബർ ഒന്നാം തിയതി, പരി.സഭയുടെ കലണ്ടർ ആരംഭിക്കുകയാണ്. അതായത് സഭയുടെ ശുദ്ധീകരണപ്പെരുന്നാളായ 'ഹൂദോശീത്തോ' പെരുന്നാൾ. ഹൂദോശീത്തോ പെരുന്നാൾ ആചരിക്കുന്നതോടൊപ്പം, അത് എപ്രകാരം തന്റെ ജീവിതത്തിലും, പ്രവർത്തനങ്ങളിലും, ചര്യകളിലും, സംഭാഷണങ്ങളിലും പാലിച്ച് ദൈവത്തിനും മനുഷ്യർക്കും ഇഷ്ടനായി തീർന്ന പരി.പരുമല തിരുമേനിയെ ദൈവം നമുക്ക് മാതൃകയായി നൽകിയിരിക്കുന്നു. പരി.പരുമല തിരുമേനി മൗനത്തിന്റെ വാല്മീകം കണ്ട മനുഷ്യനായിരുന്നു. സർവ്വോന്മുഖമായി എല്ലാ മേഖലകളിലും തന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ദൈവ കൃപയിൽ ആശ്രയിച്ച് ഏതറ്റം വരെയും കയറിയവനാണ്. ആരാധനയിലും, ആരാധനക്രമങ്ങൾ വിവർത്തനം ചെയ്യുന്നതിലും, അത് ശിഷ്യരെ പഠിപ്പിക്കുന്നതിലും വിദേശ മിഷനും, വിജാതിയ മിഷനും നടപ്പിൽ വരുത്തുകയും, പരിശുദ്ധനായ അൽവാറീസ് മാർ യൂലിയോസിനെയും, റിനി വിലാത്തിയെയും കണ്ടെത്തുകയും പരിശുദ്ധന്റെ സാന്നിദ്ധ്യത്തിലും, പ്രാർത്ഥനയിലും കൂടെ ഈ വ്യക്തികളെ കൂടുതൽ കർമ്മോത്സുകരാക്കുകയും, വിശുദ്ധ നാടുകൾ സന്ദർശിച്ച് അവിടുന്ന് ലഭിച്ച 'പുത്തൻ തീ' ഉള്ളിൽ ആവാഹിച്ച് കൂടുതൽ പ്രവർത്തന നിരതനായ ആളാണ് പരി.പരുമല തിരുമേനി.

പരി.പരുമല തിരുമേനി ദൈവത്തെ ഉള്ളാലെയും മനസ്സാലെയും ആരാധിക്കുവാൻ കൂടുതൽ സമയം കണ്ടെത്തിയിരുന്നു. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ 'നീ മിണ്ടാതെ ഇരുന്ന് ഞാൻ ദൈവം എന്ന് അറിയുക'. ഈ സങ്കീർത്തന വാക്യത്തിന് അടിവരയിടുന്നതാണ് ചെങ്കടൽ കടക്കാൻ നേരത്ത് ശക്തനായ മോശ ഇസ്രായേൽ ജനത്തോട് പറയുന്നത്, 'നിങ്ങൾ മിണ്ടാതെ ഇരിപ്പിൻ'. മോശ മൗനത്തിന് പ്രാധാന്യം കൽപ്പിച്ചുവെങ്കിൽ അഹരോൻ ജനത്തെ പ്രീതിപ്പെടുത്തുവാൻ സീനായിൽ വച്ച് കാളകുട്ടിയെ ഉണ്ടാക്കുന്നത് നാം കാണുന്നു. തന്മൂലം ദൈവീക കോപം വിളിച്ച് വരുത്തുകയും ചെയ്യുന്നു.

ഇന്ന് നമ്മിൽ പലരുടേയും ഉള്ളിൽ മൗനത്തിനല്ല പ്രാധാന്യം, ബഹളങ്ങൾക്കും ആഘോഷങ്ങൾക്കും, സ്വന്ത താത്പര്യങ്ങൾക്കുമാണ്. ആധുനിക ആത്മീയ പ്രവർത്തകർ കാളക്കുട്ടികളെ ഉണ്ടാക്കി ബഹളം വയ്ക്കുമ്പോൾ അതാണ് നല്ലതെന്ന് കരുതി അതിന്റെ പിൻപേ പോകുവാൻ നമ്മിൽ ആരും ശ്രമിക്കരുത്, അത് അപകടമാണ്, ദൈവകോപം വിളിച്ച് വരുത്തുന്നതാണ് എന്ന് ഓർക്കണം. ഇന്ന് പലർക്കും മൈക്ക് കൈയ്യിൽ കിട്ടിയില്ലെങ്കിൽ പ്രാർത്ഥന നടക്കാത്ത അവസ്ഥയാണ്. ദൈവത്തോട് മൗനമായി സംഭാഷിക്കുവാൻ നമുക്ക് നേരവുമില്ല. ഈ ഹൂദോശീത്തോ പെരുന്നാളിലും മലങ്കരയുടെ മഹാ പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുമ്പോഴും ഒന്നോർക്കുക, മൗനത്തിനാണ് പ്രാധാന്യം. മൗനത്തിന്റെ വാചാലതയിൽ മോശ സീനായ് മലയിൽ ദൈവത്തോട് സംഭാഷിച്ചതുപോലെ, പരി.പരുമല തിരുമേനി മൗനമായി ദൈവത്തെ സ്തുതിച്ച് പ്രവർത്തന നിരതനായതുപോലെ നമുക്കും ദൈവത്തെ പ്രസാദിപ്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

***യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത***



# ജനറൽ സെക്രട്ടറിയുടെ കത്ത്.....

ബഹുമാനപ്പെട്ട വൈദീകരെ, പ്രിയപ്പെട്ട പ്രസ്ഥാനം പ്രവർത്തകരെ,

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ഒരു പുതിയ കാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ജനറൽ അസംബ്ലി 2015 അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. പുതിയ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബഹു. ഫിലിപ്പ് തരകൻ അച്ചനും, ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോജി പി. തോമസിനും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ശ്രീ. ഏബ്രഹാം കോശിയ്ക്കും, ശ്രീ. അനീഷ് കോശി സഖറിയായ്ക്കും ആശംസകൾ നേരുന്നു. പ്രസ്ഥാനത്തിന് കഴിഞ്ഞ മൂന്നു വർഷത്തിലധികമായി ശക്തമായി നേതൃത്വം നൽകികൊണ്ടിരിക്കുന്ന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ബഹു. മാത്യൂസ് ജോൺ അച്ചനും, ട്രഷറാർ പ്രിനു റ്റി. മാത്യൂസിനും സ്നേഹാഭിവാദനങ്ങൾ നേരുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടത്തിലേക്കുള്ള തീർത്ഥാടന കാലഘട്ടമാണല്ലോ ഇത്. ഒക്ടോബർ 26 ന് കൊടിയേറ്റിനു ശേഷം 5 മണിക്ക് ആരംഭിച്ച 144 മണിക്കൂർ അഖണ്ഡ പ്രാർത്ഥനയും ഒക്ടോബർ 31 ന് 3 മണിക്ക് നടക്കുന്ന യുവജനസംഗമവും ഇടവക യൂണിറ്റുകളും വിവിധ ഭദ്രാസന നേതൃത്വവും സംഘടിപ്പിക്കുന്ന പുണ്യവാന്റെ കബറിടത്തിലേക്കുള്ള പദയാത്രകളും പ്രസ്ഥാനം പ്രവർത്തകർക്ക് ആത്മീയ മായ ശക്തിയും ചൈതന്യവും പകരുന്നു. പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിലുള്ള ഈ തീർത്ഥാടനം നമ്മുടെ ജീവിതത്തിന് രൂപാന്തരം നൽകുന്നതായി തീരണം. നമ്മുടെ കർത്താവിന്റെ സന്നിധിയിൽ വിശുദ്ധിയോടെ ജീവിച്ച പുണ്യവാന്റെ പെരുന്നാൾ ആഘോഷിക്കുമ്പോൾ ആ ജീവിതം നമ്മിലേക്ക് പകർത്തുവാൻ സാധിക്കണം. പ്രാർത്ഥനയുടെയും വ്രതനിഷ്ഠയുടെയും ഒരു ജീവിതം നമുക്ക് നയിക്കുവാൻ സാധ്യമാകുമ്പോൾ പൈശാചിക പ്രേരണകളിൽ നിന്നും തിന്മയുടെ വഴികളിൽ നിന്നും അകന്ന് ജീവിക്കുവാൻ നമുക്ക് ഇടയാകും. പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതത്തിൽ നിന്നും നമുക്കു തെളിച്ചു തന്ന പ്രാധാന മാർഗ്ഗമിതാണ്. വീണ്ടും ജീവിതത്തിന്റെ ചെറിയ ചെറിയ പ്രതിസന്ധികളിൽ പോലും അസഹിഷ്ണുതയുള്ളവരാണ് നാം. ജീവതത്തിന്റെ പല സന്ദർഭങ്ങളിലും വിശ്വാസം പോലും വിട്ടകന്നു നമ്മുടെതായ വഴികളിലൂടെ ചലിക്കുവാൻ ഇടയാകുന്നു. പരിശുദ്ധ പിതാവിന്റെ ജീവിതം നമുക്ക് കാണിച്ചു തരുന്നത് രോഗമോ, ദുഃഖമോ മറ്റു പ്രതിസന്ധിയോ ഉണ്ടായാലും ക്രിസ്തു വിശ്വാസത്തിൽ അടിയുറച്ചു നിന്ന് ജീവിതം നയിക്കുവാനുള്ള പ്രേരണയാണ്.

പരിശുദ്ധ പരുമല തിരുമേനി തന്റെ കബറിടത്തിൽ എത്തിച്ചേരുന്ന യുവജനങ്ങൾക്കു നൽകുന്ന ധൈര്യവും ആവേശവും ഇതുതന്നെയാണ്. പെരുന്നാൾ ജീവിതത്തെ മാറ്റി മറിക്കുന്നതാകണം. പെരുന്നാളിന്റെ മറ്റെല്ലാ ആഡംബരങ്ങളെക്കാളും ഹൃദയത്തിന്റെ രൂപാന്തരീകരണമാണ് നമുക്ക് ആവശ്യം. യുവജനങ്ങളിലുണ്ടാകുന്ന മാറ്റം അടുത്ത തലമുറയിൽ സഭയെയും സമൂഹത്തെയും ശാക്തീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യും.


എല്ലാ പ്രവർത്തകർക്കും നന്മകൾ നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

**ഫാ. പി. വൈ. ജെസ്സൻ**
ജനറൽ സെക്രട്ടറി



# എഡിറ്റോറിയൽ




*"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ"*

(എബ്രായർ 11.1)

മാന്യരെ,

ജീവിച്ചിരുന്ന കാലയളവിൽ തന്നെ ധാരാളം ആളുകൾക്ക് പ്രാർത്ഥനയിലൂടെ ആത്മീയ അനുഭവം പകർന്നു നൽകിയ പരിശുദ്ധ പരുമല തിരുമേനി, ഭാരത ക്രൈസ്തവ സഭകളിലെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനാണ്.

പുണ്യശോഭ വിതറി പരുമലയുടെ മണ്ണിൽ കബറടങ്ങിയിരിക്കുന്ന, പരിശുദ്ധ പിതാവിന്റെ വിശുദ്ധിയിൽ അഭയം പ്രാപിക്കുവാൻ ഒരിക്കൽ കൂടി, സമയം ആഗതമായിരിക്കുകയാണ്. 'പരിശുദ്ധ പരുമല തിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ' എന്ന പ്രാർത്ഥന മന്ത്രവുമായി അനേകായിരങ്ങളാണ് പരുമലയിൽ എത്തുന്നത്.

പരുമല തിരുമേനി പരിശുദ്ധനായിരുന്നു. ആ ജീവിതം രൂപപ്പെടുത്തിയ ഒന്നായിരുന്നു. ബാല്യം മുതൽ ദൈവാശ്രയ ബോധത്തിൽ വളർന്ന്, ലൗകികസുഖങ്ങൾ എല്ലാം വെടിഞ്ഞ് ആത്മീയ അനുഭവത്തിൽ ജീവിച്ച്, ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടിട്ട് ഒരു ശതാബ്ദക്കാലം കഴിഞ്ഞെങ്കിലും വിശ്വാസിയുടെ മനസ്സിൽ കത്തിനിൽക്കുന്ന തിരിയായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ആ മഹാ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം.

പെരുന്നാളുകൾ ആഘോഷങ്ങളായി തീരാതെ അതിന്റെ സങ്കീർണ്ണമായ ലോകത്തിന്റെ ഉള്ളിലേക്കിറങ്ങിച്ചെന്ന് സത്യത്തിലേക്ക് വെളിച്ചം വീശുവാൻ പെരുന്നാളാഘോഷങ്ങൾക്കിടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

ആഘോഷങ്ങൾക്കും ആചാരങ്ങൾക്കും മതങ്ങളിലും സമൂഹത്തിലും മർമ്മ പ്രധാനമായ സ്ഥാനങ്ങളാണുള്ളത്. അതേ സമയം അവയ്ക്ക് മഹത്തായ ലക്ഷ്യങ്ങളും ഉണ്ട്. ആഘോഷങ്ങൾ ലക്ഷ്യത്തിന്റെ പുറംചട്ടമാത്രമാണ്. ക്രിസ്താനുഭവത്തിന്റെ സദ്വാർത്ത നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയും മറ്റുള്ളവരെ അതിലേക്ക് നയിക്കുന്നതിന് ദൃഢപ്രതിജ്ഞ ചെയ്യുകയും ചെയ്ത പരിശുദ്ധ പരുമല തിരുമേനിയുടെ വിശ്വാസ പൈതൃകം യാഥാർത്ഥ്യമാകുവാൻ പരിശുദ്ധ പിതാവിന്റെ പെരുന്നാളിൽ നമുക്ക് അണിചേരാം.

***ജോജി പി. തോമസ് പീടിയേക്കൽ***
*(ചീഫ് എഡിറ്റർ)*

# പട്ടത്വവും നൽവരങ്ങളും

പട്ടത്വമില്ലാതെ കൂദാശകളോ, കൂദാശകളില്ലാതെ സഭയോ നിലനിൽക്കുകയില്ല. പട്ടത്വമില്ലാതെ സഭ നിലനിൽക്കുവാൻ സാദ്ധ്യമല്ലാത്തപ്രകാരം, സഭയില്ലാതെ പട്ടത്വത്തിനും നിലനിൽക്കുക സാദ്ധ്യമല്ല. സാധുവായ കൈവയ്പ്പില്ലാത്തവരുടെ കൂദാശകൾ നിർജ്ജീവങ്ങളാണ്.

*എ. പട്ടത്വത്തിന്റെ പ്രത്യേകതകൾ*

**1. പട്ടത്വം മൂലം ലഭിക്കുന്ന ആത്മവരം ഒരാളിൽ നിന്നും നഷ്ടപ്പെടുന്നില്ല.**

പട്ടത്വം ഉള്ളയാളിന് പട്ടത്വം ഇല്ലാതാക്കുവാനോ, ഇല്ല എന്നു തീരുമാനിക്കുവാനോ കഴിവുള്ള അധികാരിയോ സ്ഥാനിയോ ഇല്ല. അത് സാദ്ധ്യവുമല്ല. ഒരാൾ മാമോദീസാ മുങ്ങിയാൽ അവൻ എന്നേക്കുമായി മുങ്ങിയവനാണ്. അതുപോലെ മൂറോൻ അഭിഷേകവും, വിവാഹം ഇവയും എന്നേക്കുമുള്ളതാണ്. (വിവാഹം വധൂവരന്മാരിൽ ആരുടെയെങ്കിലും മരണത്തോടുകൂടി അസ്ഥിരപ്പെടും) പട്ടത്വം ഒരാളിൽ എന്നേക്കും സ്ഥിതി ചെയ്യുന്നു. ഒരു പട്ടക്കാരനെ ഏതെങ്കിലും വിധത്തിൽ തിരികെ അൽമായക്കാരനാക്കുന്ന വിദ്യ ഇതുവരെയും ആരും കണ്ടുപിടിച്ചിട്ടില്ല. പട്ടം കൊടുക്കുവാനല്ലാതെ എടുക്കുവാൻ യാതൊരു സാധ്യതയും ഇല്ല. ഒരു ഉദാഹരണം നോക്കാം. വി.കുർബ്ബാനയിലെ അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായിത്തീരുന്നുവെന്നു നാം വിശ്വസിക്കുന്നു. അതു തിരുശരീരരക്തങ്ങളാക്കിത്തീർത്ത പട്ടക്കാരൻ വിചാരിച്ചാൽ തന്നെയും അവയെ തിരികെ വെറും അപ്പവീഞ്ഞുകളാക്കിത്തീർക്കുവാൻ യാതൊരു വഴിയുമില്ല. ഒരിക്കൽ അത് തിരുശരീരരക്തങ്ങളായിക്കഴിഞ്ഞതുകൊണ്ട് അത് അങ്ങനെ തന്നെ തുടരുന്നു. പിൽക്കാല ആവശ്യത്തിലേക്ക് വി.കുർബ്ബാന സൂക്ഷിച്ച് വയ്ക്കുന്ന ഇടങ്ങളിൽ അവ ഏതെങ്കിലും വിധത്തിൽ ഉപയോഗ്യമല്ലാതെ പഴക്കമോ, കേടോ സംഭവിച്ചാൽ 'ഇതിനെ തിരികെ അപ്പവീഞ്ഞുകളാക്കി തീർത്തേക്കാം' എന്ന് ആരും വിചാരിക്കുന്നില്ലല്ലോ.

**2. പട്ടത്വം ആവർത്തിക്കപ്പെടുന്നില്ല.**

പട്ടത്വം യാതൊരുവിധത്തിലും നഷ്ടപ്പെടാത്തതുകൊണ്ടാണ് അത് ആവർത്തിക്കപ്പെടാത്തത്. മാമോദീസ പാപമോചനത്തിനുള്ളതാണെന്ന് വിചാരിച്ച്, പാപമോചനം കിട്ടേണ്ട അവസരങ്ങളിൽ ആരും വീണ്ടും വീണ്ടും മാമോദീസ മുങ്ങുകയല്ലാ ചെയ്യുന്നത്. പാപങ്ങൾ കൂടെക്കൂടെ ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കയാണുള്ളത്. അതായത് കുമ്പസാരം. അത് ആവർത്തിക്കപ്പെടാവുന്നതുമാണ്. അതുപോലെ ന്യായമായ കുറ്റങ്ങൾക്കായി വിധി പൂർവ്വകമായി ശിക്ഷിക്കപ്പെടുന്ന പട്ടക്കാരൻ അവന്റെ പൗരോഹിത്യ ജോലിക്ക് അർഹനാകുന്നത് അനുതാപത്താലും കുമ്പസാരത്താലുമാണ്. ഭയങ്കരമായ കുറ്റങ്ങൾ പ്രവർത്തിച്ചിട്ട് എത്രയും നീതിയുക്തമായ വിധത്തിൽ മുടക്കപ്പെട്ടിട്ടുള്ള പട്ടക്കാരനുപോലും അയാൾ പശ്ചാത്തപിച്ചു കഴിഞ്ഞ് സ്വീകരിക്കപ്പെടുന്നതല്ലാതെ പട്ടത്വം പുനരായി കൊടുക്കുന്നില്ലാത്തത് മേൽപ്പറഞ്ഞ കാരണം കൊണ്ടാണ്.

**3. ആവർത്തിക്കുകയാണെങ്കിൽ ?**

ആവർത്തനം കൊണ്ട് വിശേഷാൽ യാതൊന്നും ലഭിക്കുന്നില്ലെന്ന് മാത്രമല്ല ആവർത്തനം വലിയൊരു പാതകവും കൂടിയായിത്തീരും. മാമോദീസ മുങ്ങിയ ആൾ ഒന്നുകൂടെ മുങ്ങുകയാണെങ്കിൽ അയാൾക്ക് കൂടുതൽ വരം ലഭിക്കുകയില്ല. ഒരു കശീശായ്ക്ക് വീണ്ടും കശീശാസ്ഥാനം കൊടുക്കുകയാണെങ്കിൽ ലോകത്തിലെ കണക്കിൻ പ്രകാരം ഇരട്ടി ദാനം ലഭിച്ചതായി വിചാരിക്കേണ്ടി വരും. പക്ഷേ ആത്മാവിന്റെ കണക്കിൻപ്രകാരം ആ ആളിന് യാതൊന്നും കൂടുതലായി ലഭിക്കുന്നില്ല. എന്നുമാത്രമല്ല ഒരിക്കലായി പ്രവർത്തിച്ച പരിശുദ്ധാത്മാവു വീണ്ടും പ്രവർത്തിക്കുവാൻ നിർബ്ബന്ധിക്കുന്നതു മൂലം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുക എന്ന മഹാപാതകം ചെയ്യുന്നതിനാൽ അപ്രകാരം കൊടുക്കുന്നവനും വാങ്ങുന്നവനും ശാപാർഹരായിത്തീരുകയും ചെയ്യുന്നു. ഇത് പരിശുദ്ധാത്മാവിന് വിരോധമായ പാപവുമാണ്. ഒരു മേൽപ്പട്ടക്കാരന്റെമേൽ, മേൽപ്പട്ടസ്ഥാന ശുശ്രൂഷ വീണ്ടും നടത്തുകയാണെങ്കിലും ഇതുപോലെ തന്നെയാണ്. അതായത് അദ്ദേഹത്തിന് യാതൊന്നും കൂടുതലായി ലഭിക്കുന്നില്ല.

*ബി. പട്ടത്വത്തിലെ വിഭാഗങ്ങൾ*

സഭയിൽ പട്ടത്വം മൂന്നു മാത്രമേയുള്ളൂ. ശെ

മ്മാശൻ, കശ്ശീശാ, മേൽപ്പട്ടക്കാരൻ. ഈ മൂന്ന് സ്ഥാനികളേ എല്ലാ എപ്പിസ്കോപ്പൽ സഭകളിലും ആരംഭകാലം മുതൽ ഉള്ളൂ. ഈ മൂന്നു ഗണത്തിൽപ്പെട്ടവർക്കും സ്ഥാനം ലഭിക്കുന്നത് മേൽപ്പട്ടക്കാരിൽ നിന്നാണ്. താഴെയുള്ളവർക്ക് മുകളിൽ ഉള്ളവർ സ്ഥാനം കൊടുക്കുന്നുവെന്നുള്ളതല്ല പട്ടം കൊടയുടെ തത്ത്വം. അങ്ങനെയാണെങ്കിൽ ശെമ്മാശ്ശന് സ്ഥാനം കൊടുക്കേണ്ടത് കശീശയാണെന്നുവരും. എത്ര കശീശന്മാർ കൂടിയാലും ആർക്കും ഒരു സ്ഥാനവും കൊടുക്കാൻ സാധിക്കുകയില്ല. എന്നാൽ പട്ടത്വത്തിന്റെ ഉറവിടം മേൽപ്പട്ടക്കാരാണ് എന്നുള്ളതത്രേ സഭയുടെ വിശ്വാസം. മേൽപ്പട്ടക്കാരൻ എവിടെയുണ്ടോ അവിടെ സഭയുണ്ട് എന്ന് വി.ഇഗ്നാത്തിയോസ് എഴുതിയിരിക്കുന്നത് ഇക്കാരണത്താലാണ്. ഒരു ശെമ്മാശൻ സ്ഥാനം സ്വീകരിക്കുന്നതും, ഒരു കശീശാ സ്ഥാനം സ്വീകരിക്കുന്നതും മേൽപ്പട്ടക്കാരിൽ നിന്നാണ്. ഒരു മേൽപ്പട്ടക്കാരൻ സ്ഥാനം സ്വീകരിക്കുന്നത് രണ്ടോ മൂന്നോ മേൽപ്പട്ടക്കാരിൽ നിന്ന് അഥവാ സുന്നഹദോസിൽ നിന്ന് ആണ്. ഒന്നിലധികം മേൽപ്പട്ടക്കാർ ഇല്ലാത്ത സന്ദർഭങ്ങളിൽ ഒരേ ഒരു മേൽപ്പട്ടക്കാരനിൽ നിന്നും സ്ഥാനം സ്വീകരിക്കേണ്ടി വന്നാലും ആ സ്ഥാനത്തിനു യാതൊരു അസാധുത്വവും ഉണ്ടായിരിക്കുന്നതല്ല എന്നുള്ളതിന് കാനോനും, ചരിത്രവും, ദൈവശാസ്ത്രവും (theology) സാക്ഷ്യം വഹിക്കുന്നു. മലങ്കര സഭയാൽ സ്വീകരിക്കപ്പെട്ടിട്ടുള്ള പല മേൽപ്പട്ടക്കാരും ഇങ്ങനെയുള്ളവരാണ്.

ഇന്ന് എല്ലാ പുരാതന എപ്പിസ്ക്കോപ്പൽ സഭകളിലേക്കും നോക്കിയാൽ പട്ടത്വത്തിലെ ഈ മൂന്നു വിഭാഗങ്ങളിൽ ഓരോന്നിലും വ്യത്യസ്ഥ നാമങ്ങളിൽ അറിയപ്പെടുന്ന സ്ഥാനികളെ കാണാം. ഏകദേശം എട്ടൊൻപത് സ്ഥാനികൻ ആ വിധത്തിൽ ആകപ്പാടെയുണ്ട്. അതുകൊണ്ട് ഒരിക്കൽ മൂന്നായിരുന്ന പട്ടത്വ വിഭാഗങ്ങൾ എട്ടോ ഒൻപതോ ആയി വർദ്ധിച്ചുവെന്ന് അർത്ഥമില്ല. ഒരിക്കൽ മൂന്നായിരുന്നത് എന്നേക്കും മൂന്നുതന്നെ. ഭരണ സൗകര്യത്തിനുവേണ്ടിയും ഓരോന്നിലുമുള്ള ചുമതലകളെ ഇനം തിരിച്ച് നടത്തുന്നതിനുവേണ്ടിയും കാലക്രമത്തിൽ ഏർപ്പെടുത്തപ്പെട്ട ക്രമീകരണങ്ങൾ മാത്രമാണ് അവയെല്ലാം. റോമാ സഭയുടെ പരമാധികാരിയായ മാർപ്പാപ്പയെ Bishop of Rome – റോമായുടെ മെത്രാൻ – എന്നാണ് പറയുന്നത്. മേൽപ്പട്ടക്കാരായ എല്ലാവരും എപ്പിസ്ക്കോപ്പൽ സ്ഥാനികളാണെങ്കിലും ഭരണപരമായ സൗകര്യത്തിനുവേണ്ടിയും അധികാരങ്ങളിൽ വടംവലിയും മത്സരങ്ങളും ഒഴിവാക്കുന്നതിനു വേണ്ടിയും വിവിധാധികാരങ്ങളുള്ള പല സ്ഥാനികൾ അവരിലുണ്ട്. പാപ്പാ, പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാപ്പോലീത്താ, എപ്പിസ്ക്കോപ്പാ, ഇവരെല്ലാവരും പ്രത്യേക സംജ്ഞകളോടും അധികാരത്തോടും കൂടിയവരാണെങ്കിലും പട്ടത്വവരത്തിൽ ഏൃമരല-ൽ തുല്യരാണ്. അതുപോലെ കോറെപ്പിസ്ക്കോപ്പാ, ഫേദിയൂത്തോ, കശീശാ, വികാരി മുതലായ പ്രത്യേക സംജ്ഞകളും ചുമതലകളും ഉള്ള വിവിധ സ്ഥാനികൾ പട്ടക്കാരിൽ ഉണ്ടെങ്കിലും അവർ കശീശായുടെ വരത്തിൽ Grace-Â തുല്യരാണ്. ഒരു കശീശായെ ദയറാക്കാരനാക്കുന്നുവെങ്കിൽ ദയറാ വേഷം ധരിപ്പിക്കുന്നതിനുള്ള പ്രാർത്ഥനകൾ നടത്തുന്നതേയുള്ളൂ. പട്ടം കൊടയില്ല. കാരണം റമ്പാൻപട്ടം എന്നൊരു പട്ടമില്ല. ഇതേവിധത്തിൽ പൂർണ്ണശെമ്മാശൻ, അർക്കദിയാക്കോൻ മുതലായവർ ശുശ്രൂഷാവരത്തിൽ തുല്യരാണ്. ശെമ്മാശനേക്കാൾ താഴ്ന്ന സ്ഥാനികളായ എവുപ്പദിയക്കിനേന്മാർ, കോറൂയന്മാർ, മ്സമ്രോനേന്മാർ, മൗമ്യോനേന്മാർ മുതലായവർ ആരാധനാപരമായി കാര്യങ്ങളിൽ പ്രത്യേക ജോലിക്കായി നിയമിക്കപ്പെടുന്ന അനുഗ്രഹസ്ഥാനികളാണ്. അവരൊന്നും ഏതെങ്കിലും പട്ടത്വത്തിന്റെ തുല്യതയുള്ള വരങ്ങുള്ളവരല്ല.

കശീശാ സ്ഥാനമേൽക്കുന്നയാൾ അതിനുമുമ്പ് പൂർണ്ണ ശെമ്മാശനായിരിക്കണം. പൂർണ്ണ ശെമ്മാശനാകാത്ത ഒരാൾക്ക് കശീശാപട്ടം കൊടുത്താൽ അയാൾക്ക് ആ പട്ടം ലഭിക്കയില്ല. ശരിയായ മാമോദീസായും മൂറോനഭിഷേകവും ലഭിക്കാത്ത ഒരാളിന് എന്തെല്ലാം പട്ടംകൊടുത്താലും അത് ആ ആളിലേക്ക് പ്രവേശിക്കുന്നതല്ല. അതുപോലെ മേൽപ്പട്ട സ്ഥാനങ്ങളിലെ ഏത് പദവിയിലേക്കും വരുന്ന ഒരാൾ തീർച്ചയായും കശീശായുടെ വരം ഉള്ളവരായിരിക്കണം. ഒരു കശീശായ്ക്ക് എപ്പിസ്കോപ്പായോ, മെത്രാപ്പോലീത്തായോ, കാതോലിക്കായോ, പാത്രിയാർക്കീസോ ആകാം. അതിന് മേൽപ്പട്ട സ്ഥാനാഭിഷേകത്തിൽ ഇന്ന എപ്പിസ്ക്കോപ്പാ അഥവാ മെത്രാപ്പോലീത്താ, കാതോലിക്കാ, പാത്രിയാർക്കീസ് ആദിയായ സംജ്ഞകൾ സന്ദർഭാനുസരണം ഉപയോഗിച്ചാൽ മതി. അപ്പോൾ അതിനെ പട്ടംകൊട എന്നു വിളിക്കാം. എന്നാൽ ഒരു എപ്പിസ്ക്കോപ്പാ, മെത്രാപ്പോലീത്താ സ്ഥാനത്തേക്കോ ഒരു എപ്പിസ്ക്കോപ്പായോ മെത്രാപ്പോലീത്തായോ കാതോലിക്കാ സ്ഥാനത്തേക്കോ, ഇവരിൽ ആരെങ്കിലും ഒരാൾ പാത്രിയർക്കാ സ്ഥാനത്തേക്കോ വരുന്ന പക്ഷം അതിനെ സ്ഥാനാരോഹണം എന്നല്ലാതെ സ്ഥാനാഭിഷേകമെന്നോ പട്ടം കൊടയെന്നോ പറയുന്നില്ല. ഓരോരുത്തരുടേയും സ്ഥാനാരോഹണം ഇന്ന വിധത്തിൽ നടത്തണമെന്നു ഹൂദായകാനോനിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. സ്ഥാനാരോഹണം കൊണ്ട് അധികാരം ലഭിക്കുന്നതല്ലാതെ പട്ടം കൂടുതലായി ലഭിക്കുന്നില്ല.

ചില സഭാവിഭാഗങ്ങളിൽ പാത്രിയാർക്കീസന്മാരും, ചില വിഭാഗങ്ങളിൽ കാതോലിക്കാമാരും, ചിലവയിൽ മെത്രാപ്പോലീത്തന്മാരും അദ്ധ്യക്ഷത വഹിച്ചു ഭരണം നടത്തുന്നു. മൂറോൻ കൂദാശ, മേൽപ്പട്ട സ്ഥാനാഭിഷേകം എന്നീ കാര്യങ്ങൾ നടത്തുന്നതിനുള്ള വരം എല്ലാ മേൽപ്പട്ടക്കാർക്കും ഉണ്ടെങ്കിലും അദ്ധ്യക്ഷത വഹിക്കുന്നവരുടെ പ്രത്യേകതകളെ പരിഗണിച്ച് അവയെല്ലാം അതത് സഭാവിഭാഗങ്ങളുടെ അദ്ധ്യക്ഷന്മാർ തന്നെ നടത്തുന്നതിന് അവരെ മറ്റുള്ള സഹോദര മേൽപ്പട്ടക്കാർ സമ്മതിച്ച് ഏൽപ്പിച്ചിരിക്കുന്നതാണ്. അപ്പോൾ ഏത് സഭാവിഭാഗത്തിലും ഭരണം സുഗമമായിരിക്കുന്നതിനു മേൽപ്പട്ടക്കാർ തമ്മിലും മേൽപ്പട്ടക്കാരും അവരുടെ അദ്ധ്യക്ഷനും തമ്മിലുള്ള ബന്ധം ക്രിസ്തീയ സ്നേഹത്തിൽ പുലർന്നുകൊണ്ടിരിക്കേണ്ടതാണ്. അദ്ധ്യക്ഷന്മാർ മറ്റു മേൽപ്പട്ടക്കാരുടെ പിതാക്കന്മാരല്ല; ജ്യേഷ്ഠ സഹോദരന്മാരാണ്. സഹോദര മേൽപ്പട്ടക്കാരെ അവഗണിച്ചു പ്രവർത്തിക്കുന്നതിന് അദ്ധ്യക്ഷനോ, അദ്ധ്യക്ഷനോട് എതിർത്തു പ്രവർത്തിക്കുന്നതിന് സഹോദര മേൽപ്പട്ടക്കാർക്കോ പാടില്ലാത്തതാണ്.

*സി. ഭിന്നതകൾ പട്ടത്വത്തെ എങ്ങനെ ബാധിക്കും ?*

വിശ്വാസവിപരീതം ഇല്ലാതെ, ഭരണപരമായ അഭിപ്രായ വ്യത്യാസങ്ങളാൽ ഒരേ സഭയിൽ രണ്ടു കക്ഷികൾ ഉണ്ടാകുകയും രണ്ട് കക്ഷികളിലും മേൽപ്പട്ടക്കാർ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ പരസ്പരം ശീശ്മ ആരോപിക്കുന്നതായി കാണാറുണ്ട്. എന്നിരുന്നാലും പിണക്കത്തിന്റെ മന:സ്ഥിതി നീങ്ങി ദൈവിക സ്നേഹം വിജയിക്കുകയാണെങ്കിൽ ഇരുകക്ഷികളും യോജിച്ച് പോകുന്നതിനും പ്രയാസമില്ല. അനേക സഭകളിലും അഭിപ്രായ വ്യത്യാസങ്ങളും മത്സരങ്ങളും ഉണ്ടായിട്ടുണ്ട് എന്ന് വിചാരിച്ച് ഏതെങ്കിലും കൂട്ടരുടെ പട്ടത്വം തന്മൂലം നഷ്ടപ്പെടുന്നുവെന്നർത്ഥമില്ല. വലിയ സഭയായ റോമൻ കത്തോലിക്കാ സഭയിൽ പോലും ഒരു സിംഹാസനത്തിന് ഒരേ സമയം രണ്ടും മൂന്നും അവകാശികൾ ഉണ്ടായിട്ടുണ്ട്. അവരുടെ കാലത്തോ അവരുടെ പിൻഗാമികളുടെ കാലത്തോ അഭിപ്രായ വ്യത്യാസം തീർന്ന് ഐക്യപ്പെടും. അതുപോലെതന്നെ അന്ത്യോക്യായിലെ പാത്രിയർക്കാ സിംഹാസനത്തിലും ഒരേ സമയം ഒന്നിലധികം അവകാശികൾ ഉണ്ടായിട്ടുണ്ട്. ഓരോ കൂട്ടരും പരസ്പരം ശീശ്മ ആരോപിക്കുമെങ്കിലും പിൻഗാമികളുടെ കാലത്ത് സമാധാനം കൈവന്നിട്ടുള്ളതായിട്ടാണ് കാണുന്നത്. മലങ്കര സുറിയാനി സഭയിലും ഭിന്നതകളും ചേരിതിരിവുകളും ഉണ്ടായി എങ്കിലും ഇരുഭാഗത്തും മേൽപ്പട്ടക്കാരും, പട്ടക്കാരും, ശെമ്മാശ്ശന്മാരും, ജനങ്ങളും ആയ സഭാ വ്യവസ്ഥിതി നിലനിൽക്കുകയും ഓരോരുത്തരുടേയും പട്ടത്വത്തിനു ഹാനി സംഭവിക്കാതിരിക്കുകയും വിശ്വാസവിപരീതം ഒരു കൂട്ടരിലും നുഴഞ്ഞ് കയറാതിരിക്കുകയും ചെയ്തതിനാൽ തർക്ക മനസ്ഥിതി ഇല്ലാത്തവർക്ക് പരസ്പരം യോജിക്കുന്നതിന് പ്രയാസം നേരിട്ടിട്ടില്ല. ആ വിധത്തിലാണ് സഭയുടെ പടിഞ്ഞാറൻ വിഭാഗത്തിന്റെ അദ്ധ്യക്ഷനായ പരി.പാത്രിയാർക്കീസും, കിഴക്കേ വിഭാഗത്തിന്റെ അദ്ധ്യക്ഷനായ പരി.കാതോലിക്കോസും തമ്മിൽ സമാധാനമുണ്ടായത്. ഈ മേലദ്ധ്യക്ഷന്മാർ തമ്മിലുള്ള ബന്ധം എന്താണെന്നുള്ളത് ദീർഘദൃഷ്ടികളായ പിതാക്കന്മാർ കപ്പർത്തൂത്തായിൽ കൂടിയ സുന്നഹദോസിൽ വെച്ച് നിശ്ചയിച്ചിട്ടുമുണ്ട്. ഇരുവരും തമ്മിലുള്ള സ്നേഹ ബന്ധവും ക്രിസ്തീയ ഐക്യതയും നിലനിൽക്കുന്നതിന് ഭരണപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യം പാലിക്കുകയും, എന്നാൽ പാത്രിയാർക്കീസിനെ വാഴിക്കുന്ന സുന്നഹദോസിൽ കാതോലിക്കാ അദ്ധ്യക്ഷം വഹിക്കണമെന്നും കാതോലിക്കായെ വാഴിക്കുന്ന സുന്നഹദോസിൽ പാത്രിയർക്കീസ് അദ്ധ്യക്ഷം വഹിക്കണമെന്നും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ വൈധവ്യം പ്രാപിച്ചിരിക്കുന്ന കിഴക്കിന്റെ സിംഹാസനത്തിലേക്കു കാതോലിക്കായെ സ്ഥാനാരോഹണം നടത്തുന്ന സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുന്നതിന് പരി.പാത്രിയർക്കീസ് ഇഗ്നാത്യോസ് യാക്കൂബ് മൂന്നാമൻ തിരുമനസ്സുകൊണ്ട് ക്ഷണിക്കപ്പെടുകയും അതനുസരിച്ച് അദ്ധ്യക്ഷത വഹിക്കുവാൻ സമ്മതിക്കുകയും ചെയ്തിരിക്കുന്നത് ആകമാന സുറിയാനി സഭയുടെ അഭ്യുദയകാംക്ഷികളായ ഏവർക്കും സന്തോഷകരമാണ്. കാനോനിക പ്രമാണങ്ങളനുസരിച്ച് മേലാലും ഈ സിംഹാസനങ്ങൾ തമ്മിലുള്ള സ്നേഹബന്ധം പരിരക്ഷിക്കപ്പെടുന്നതിന് ഏവരും ശ്രദ്ധിച്ചാൽ മറ്റ് സഭകൾക്കു നമ്മുടെ സഭ ഒരു മാതൃകയായി ശോഭിക്കും. പാത്രിയർക്കാ സിംഹാസനവും, കാതോലിക്കാ സിംഹാസനവും വിജയിക്കട്ടെ.

**(യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി പരി.സഭയിലെ ശ്രേഷ്ഠ മല്പാൻമാരിൽ ഒരാളും വൈദീക സെമിനാരിയിലെ ശ്രേഷ്ഠ അദ്ധ്യാപകനും, കൊച്ചി ഭദ്രാസനാധിപനും ആയിരുന്നു. പരി.ഔഗേൻ ബാവായെ പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തയുമായി വാഴിക്കുന്നതിന് മുൻപായി തിരുമേനി വൈദീകനായിരുന്ന കാലത്ത് എഴുതിയ ലേഖനമാണ് മുകളിൽ ചേർത്തിരിക്കുന്നത്)**

# പരുമലയിലെ വിശുദ്ധ സാന്നിദ്ധ്യവും യൗവ്വനങ്ങളുടെ നിയോഗവും

**ഫാ. സജി വർഗ്ഗീസ് അമയിൽ**
പ്രൊഫ., വൈദിക സെമിനാരി, കോട്ടയം & ഓർത്തഡോക്സ് വൈദിക സെക്രട്ടറി

താൻ ജീവിച്ച കാലഘട്ടത്തെ പ്രാർത്ഥന കൊണ്ടു മാത്രമല്ല ജീവിതം കൊണ്ടും സ്വാധീനിച്ച പരിശുദ്ധനാണ് പരുമല തിരുമേനി. പരുമല ദേവാലയത്തിന്റെ നാലുഭിത്തികൾക്കുള്ളിൽ പ്രാർത്ഥനയുടെ നിരന്തരമായ പരിമളം ഈ വിശുദ്ധൻ സൃഷ്ടിച്ചപ്പോഴും അതിന്റെ സൗരഭ്യം സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നു വിശേഷിപ്പിച്ച കേരളത്തിലെ സാമൂഹിക സ്ഥിതിയിൽ ഏറെ പ്രതീക്ഷകൾ ഉയർത്തി. ജാതി വ്യവസ്ഥയ്ക്കെതിരെ മനസാക്ഷി കൊണ്ടും ചിന്തകൊണ്ടും പോരാടിയ ഈ പരിശുദ്ധൻ നിയോഗങ്ങളുടെ കർമ്മകാണ്ഢങ്ങളാണ് കാലത്തിനു തുറന്നുവെയ്ക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ തിരിച്ചറിഞ്ഞ് ഇംഗ്ലീഷ് വിദ്യാഭ്യാസം ഉൾപ്പെടെയുള്ള മഹത്തായ ദർശനങ്ങളുടെ പൂർത്തീകരണം തന്റെ നിയോഗമായി ഈ പരിശുദ്ധൻ ഏറ്റെടുത്തു. പരുമലയിൽ തീർത്ഥാടകരായി എത്തുന്നവർക്കും മലങ്കരയുടെ യുവതയ്ക്കും നിയോഗങ്ങളുടെ വലിയ സാദ്ധ്യതയാണ് ഈ പരിശുദ്ധന്റെ ജീവിത പാഠപുസ്തകം പരിചയപ്പെടുത്തുന്നത്.

ലോക മനസാക്ഷിയെ തന്റെ ചിന്തകൾ കൊണ്ട് ഏറെ സ്വാധീനിച്ച പൗലോ കൊയ്‌ലോയുടെ ആൽകെമിസ്റ്റ് എന്ന നോവലിൽ സാന്റിയാഗോ എന്ന ഇടയബാലനെ അവതരിപ്പിക്കുന്നുണ്ട്. പുരോഹിതൻ ആകാൻ ആഗ്രഹിച്ച് ഇടയബാലൻ ആയിത്തീർന്ന കഥാപാത്രം തന്റെ നിലപാടുകളുടെ നഷ്ടപ്പെടലിന് കാരണമായി നിരത്തുന്നത് മൂന്ന് കാര്യങ്ങൾ ആണ്. 1. കൗതുകങ്ങൾ, 2. സന്ദേഹങ്ങൾ, 3. പഴയ ശീലങ്ങൾ. മലങ്കരയുടെ യൗവനങ്ങൾക്ക് മുമ്പിൽ നിയോഗങ്ങളുടെ അനന്തസാദ്ധ്യതകൾ ആണ് ഉള്ളത്. എന്നാൽ സാന്റിയാഗോ എന്ന ഇടയബാലനെപ്പോലെ ചില കൗതുകങ്ങളും സന്ദേഹങ്ങളും, പഴയ ശീലങ്ങളുടെ സമ്മർദ്ദങ്ങൾക്കും അടിമപ്പെട്ട് നിയോഗങ്ങളെ പിൻതുടരുവാൻ കഴിയുന്നില്ല എന്നുമാത്രം. യൗവനം പ്രക്ഷുബ്ദ്ധതയുടെും, പൊട്ടിത്തെറികളുടെയും കാലം മാത്രമല്ല മറിച്ച് അത് കർമ്മോത്സുകരുടെ വസന്തകാലമാണ്. സ്വന്തജീവിതത്തോടും പൊതുജീവിതത്തോടും വേണ്ടത്ര പ്രതിബദ്ധത പുലർത്താതെ ഉൾവലിയുന്ന യൗവനങ്ങളുടെ എണ്ണം വല്ലാതെ വർദ്ധിക്കുന്നു. സ്വന്തം ഐപാഡിന്റെയോ, മൊബൈലിന്റെയോ സ്വകാര്യതയിലേക്ക് യൗവനങ്ങൾ ചുരുങ്ങുമ്പോൾ നഷ്ടമാകുന്നത് നക്ഷത്രശോഭയുള്ള നിയോഗങ്ങളുടെ എറ്റെടുക്കലാണ്. ആത്മീയ ജീവിതത്തിൽ ഒരാൾ നടത്തുന്ന ശ്രമങ്ങൾ ഒക്കെയും ക്രി





സ്തുവിനെപ്പോലെ ആയിത്തീരാനുള്ള ഹോം വർക്കുകൾ ആണ് എന്ന തിരിച്ചറിവ് നമ്മുടെ യൗവ്വനങ്ങളെ ത്രസിപ്പിക്കണം. ജീവന്റെ സംസ്കാരം ഏറ്റെടുക്കാനും അതിന്റെ പ്രചാരകൻ ആകുവാനും ഉള്ള നിയോഗം നാം ഏറ്റെടുക്കണം. മതവിദ്വേഷത്തിന്റെയും, മാത്സര്യ ബുദ്ധികളുടെയും, കമ്പോള പോരാട്ടങ്ങളുടെയും നടുവിൽ മനുഷ്യർ കാഴ്ചക്കാരും, കച്ചവട വസ്തുവായി അധഃപ്പതിക്കുമ്പോൾ നമ്മുടെ നിയോഗങ്ങൾ ആണ് നമ്മുടെ ഉള്ളിൽ എരിയുന്ന, ത്രസിപ്പിക്കുന്ന മനസ്സും മനസാക്ഷിയും സൃഷ്ടിക്കുന്നത്. മഹാനായ ഒ.എൻ.വി. കുറുപ്പ് പാടി: "കാലം പരാജയം മുളയ്ക്കട്ടെ ജീവനാളമൊളിഞ്ഞിരിക്കുന്നു അതിലെത്രനാൾ".

നമ്മുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന ജീവനാളങ്ങളുടെ തിരിച്ചറിവാണ് നമ്മുടെ നിയോഗങ്ങൾ. പ്രത്യക്ഷങ്ങൾക്ക് അപ്പുറമുള്ള അപ്രത്യക്ഷങ്ങൾ കാണുന്നതാണ് യഥാർത്ഥ ജ്ഞാനം. ആ ജ്ഞാനത്തിൽ നിന്ന് ഉയിർ കൊള്ളേണ്ടതാണ് നമ്മുടെ നിയോഗങ്ങൾ. സാഹസമെടുക്കാതെ പുതുതായി ഒന്നും കണ്ടെത്തുവാൻ കഴിയുകയില്ല എന്ന തിരിച്ചറിവോട് കുടി അനാവശ്യമായ മുൻവിധികളും, ചില സൗന്ദര്യ പിണക്കങ്ങളും, അമിത സുരക്ഷിതത്വബോധവും ഒക്കെ മാറ്റിവച്ച് നമ്മുടെ നിയോഗങ്ങളെ പിൻതുടരുവാൻ കഴിയണം.

വി. മാമോദീസാ കൂദാശയുടെ സ്വീകരണം നമുക്ക് മൂന്ന് നിയോഗങ്ങളെ പകർന്നു നൽകിയിട്ടുണ്ട്. 1. പ്രകാശത്തിന്റെ സന്തതികൾ ആകുക, 2. മനോനയനങ്ങൾ പ്രകാശിപ്പിക്കപ്പെടുക, 3. തിരുമുഖശോഭ പ്രതിബിംബിക്കപ്പെടുക. ഈ നിയോഗങ്ങളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ യത്നിക്കുമ്പോൾ "എന്റെ സാക്ഷികഗൾ ആകുക" എന്ന ക്രിസ്തുവിന്റെ നിയോഗം പൂർണ്ണമാകും.

ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം പ്രതീക്ഷകൾ ഇല്ലാതെ ജീവിക്കേണ്ട വരുന്നതാണ് എന്ന തിരിച്ചറിവോടുകൂടി മനസ്സിൽ ശുഭപ്രതീക്ഷകൾ സൂക്ഷിക്കുവാനും, അതുതന്നെയാണ് എന്റെ നിയോഗമെന്ന് ചിന്തിക്കാനും നമ്മുടെ യൗവനങ്ങൾക്ക് കഴിയണം. യശ്ശശരീരനായ മുൻ രാഷ്ട്രപതി അബ്ദുൾ കലാം നമ്മുടെ യൗവ്വനങ്ങളോട് നിരന്തരം സ്വപ്നം കാണാൻ ആവശ്യപ്പെട്ടത് അവരൊക്കെ സ്വപ്ന ജീവികൾ ആകുവാൻ അല്ല. മറിച്ച് കാണുന്ന സ്വപ്നങ്ങൾ ദിവാസ്വപ്നങ്ങൾ ആയി അസ്മതിക്കാതെ ചിലതൊക്കെ തന്റെ നിയോഗങ്ങൾ ആണ് എന്ന് അവരെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ്.

ദർശനങ്ങൾ അന്ന് നമ്മുടെ നിയോഗങ്ങളുടെ ജീവവായു. മീഡിയാ ഐക്കണുകളുടെ അംഗവിക്ഷേപങ്ങളെ പകർത്തുന്നതല്ല നിയോഗം. നമ്മുടെ നിയോഗം നമ്മുടെ ഉള്ളിൽ എരിയുന്ന സ്വപ്നങ്ങളെ വിശകലനം ചെയ്യുവാനും അവയിൽ ചിലതിനെയെങ്കിലും നിയോഗങ്ങളായി പരിഗണിച്ച് കർമ്മപഥത്തിൽ എത്തിക്കുവാൻ നിരന്തരം പോരാടുകയും വേണം. നിറതോക്കുകൾക്ക് മുമ്പിൽ അർദ്ധ നഗ്നനായി നിന്നുകൊണ്ട് രാഷ്ട്രപിതാവ് വിളിച്ചു പറഞ്ഞു: "You can kill me You will get my deady body Not by Obedience".

വിലകൊടുത്ത് വാങ്ങിച്ച ബൈക്കിന്റെ ബാക്ക് സീറ്റ് ഇളക്കി കളയുന്നതും, സൈലസറിന്റെ നട്ടഴിച്ചിട്ട് ശബ്ദമലിനീകരണം ഉണ്ടാക്കുന്നതും, കീറിയ പാന്റും നീണ്ട തലമുടിയും വളർത്തി വിലസുന്നതും ആണ് നമ്മുടെ നിയോഗങ്ങൾ എന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ട്. നമ്മുടെ നിയോഗങ്ങൾ വിഢിത്തങ്ങളുടെ അനുകരണമല്ല. മറിച്ച് നമ്മുടെ നിയോഗങ്ങൾക്ക് വേണ്ടത് സൂര്യശോഭയാണ്. ആ സൂര്യശോഭയോ താൻ ലോകത്തിന്റെ പാതയും, അപ്പവും, വെളിച്ചവും, ജീവനും ആയിരുന്നു എന്ന് പഠിപ്പിച്ച ക്രിസ്തു നിയോഗങ്ങൾ തന്നെ.


**നിയോഗങ്ങൾ – ചില പ്രായോഗിക കുറിപ്പുകൾ**

1. ക്രിസ്തു ദർശനങ്ങളെ തുറന്ന മനസ്സോടെ ഏറ്റെടുക്കുക
2. ദൈവരാജ്യ മൂല്യങ്ങളുടെ പ്രചാരകന്മാർ ആകുക
3. മനുഷ്യത്വം പരിശീലിക്കുക
4. ജീവനെ സംരക്ഷിക്കുക
5. നീതിക്കായി പോരാട്ടം കഴിക്കുക
6. സങ്കുചിതത്വങ്ങൾ ഉപേക്ഷിക്കുക
7. പ്രകൃതിയെ സംരക്ഷിക്കുക
8. സ്വാതന്ത്ര്യം ജന്മാവകാശം എന്ന് വിശ്വസിക്കുക
9. ധാർമ്മികത സംരക്ഷിക്കുക
10. ഉൾവലിയിൽ അവസാനിപ്പിക്കുക
11. സഭയെന്ന മാതാവിനെ തിരിച്ചറിയുക, സംരക്ഷിക്കുക
12. സോഷ്യൽ മീഡിയാകളിലൂടെ ക്രിസ്തുവിനെയും പരി. സഭയെയും കൂടുതലായി പരിചയപ്പെടുത്തുക
13. വിശ്വാസം സംരക്ഷിക്കുക
14. എന്റെ കഥയാണ് ചരിത്രം എന്ന് വിശ്വസിക്കുക
15. അനുകരണമല്ല, അനുഭവമാണ് ജീവിതം എന്ന് തിരിച്ചറിയുക

നമ്മുടെ നിയോഗങ്ങൾ അവസാനിക്കുന്നില്ല. അത് തുടരുകയാണ് അനന്തമായി. ലോകത്തിലെ മുഴുവൻ തെരുവിളക്കുകളും നമുക്ക് കത്തിക്കുവാൻ കഴിയുകയില്ല. എന്നാൽ സ്വയമായി വെളിച്ചം കാണുവാൻ നമ്മുടെ അടുത്തുള്ള ഇലക്ട്രിക് പോസ്റ്റിലെ ബൾബ് എങ്കിലും മാറ്റിയിടാം. വെളിച്ചത്തിന്റെ നക്ഷത്രശോഭയില്ലെങ്കിലും അറുപത് വാട്ട് വെളിച്ചം എങ്കിലും അത് പകരട്ടെ

# വിശുദ്ധൻ വിളിക്കുന്നു

## 'പരുമല തിരുമേനി: ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും' എന്ന കത്തുകളുടെ സമാഹാരത്തിലൂടെ ഒരന്വേഷണം



**ഡോ. പോൾ മണലിൽ**

പരിശുദ്ധ പരുമലത്തിരുമേനിയുടെയും സ്വകാര്യ കത്തുകളുടെയും കല്പനകളുടെയും സമാഹാരമാണ് 'പരുമല തിരുമേനി–ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും' എന്ന ഗ്രന്ഥം. പരുമലത്തിരുമേനി ജനിച്ച മുളന്തുരുത്തിയിലെ ചാത്തുരുത്തി ഭവനത്തിൽ സൂക്ഷിച്ചിരുന്ന ഈ കത്തുകൾ ഗ്രന്ഥരൂപത്തിൽ തയ്യാറാക്കിയതു ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തിയാണ്.

ചാത്തുരുത്തി ഭവനത്തിൽ തിരുമേനിയുടെ നാലാം തലമുറക്കാരനായി ജനിച്ച ഡോ. ഏലിയാസ് ജിമ്മിയാണ് ഇപ്പോൾ പരുമലത്തിരുമേനി ജനിച്ച ഭവനത്തിന്റെ അവകാശി. ചാത്തുരുത്തി ഭവനത്തിൽ പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ഒരു നിധിപോലെ സൂക്ഷിച്ചു വച്ചിരുന്ന തിരുമേനിയുടെ കത്തുകളും കല്പനകളും ഇപ്പോൾ ഡോ. ഏലിയാസ് ജിമ്മി മലയാളത്തിലെ എല്ലാ വായനക്കാർക്കും വേണ്ടി സമർപ്പിക്കുകയാണ്.

തിരുമേനി എഴുതിയ കത്തുകൾ അക്ഷരവിന്യാസത്തിലൂടെ മാത്രമല്ല അതേപടി ഫോട്ടോകോപ്പി നൽകിയും അതിനു വിശദീകരണവും കുറിപ്പുകളും അവതരിപ്പിച്ചുമാണ് ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. പരിശുദ്ധ പരുമലത്തിരുമേനിയുടെ ജീവിതവും ദർശനവും അനാവരണം ചെയ്യപ്പെടുന്ന ഈ ഗ്രന്ഥം ഡിസി ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു.

മലയാളത്തിലെ കത്തു സാഹിത്യ പ്രസ്ഥാനത്തിനു കരുതപ്പെട്ട ഒരു സംഭാവനയെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഒരു ഗ്രന്ഥത്തെപ്പറ്റി ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി ആമുഖത്തിൽ എഴുതിയ വാക്കുകൾ ഈ കത്തുകളുടെ പ്രാധാന്യം വ്യക്തമാക്കുന്നവയാണ്. "സാധാരണയായി വ്യക്തികൾ തമ്മിലുള്ള ആശയവിനിമയമായിരിക്കുമല്ലോ കത്തുകളുടെ ഉള്ളടക്കം. എന്നാൽ മഹത്തുക്കളുടേതാവുമ്പോൾ സ്വകാര്യ കുറിപ്പുകളിൽപ്പോലും ഉന്നതമായ ജീവിതവീക്ഷണങ്ങളും ഉപദേശങ്ങളും വ്യക്തിത്വ സംസ്ക്കരണത്തിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയിരിക്കും എന്നതാണ് പ്രത്യേകത. ഇത്തരത്തിലുള്ള കത്തുകളും കുറിപ്പുകളും സമൂഹത്തിനാകമാനം ഗുണദായകവും ആയിരിക്കും. അതുകൊണ്ടുതന്നെ പരിശുദ്ധ പരുമല തിരുമേനിയുടെ സ്വകാര്യകല്പനകൾ അവയിൽ സംബോധന ചെയ്യപ്പെട്ട വ്യക്തിയെ മാത്രം ഉദ്ദേശിച്ചുകൊണ്ട് എഴുതപ്പെട്ട ആശയവിനിമയമായി കാണേണ്ടതല്ല എന്ന് എടുത്തുപറയട്ടെ. അവിടത്തെ കത്തുകളിലെല്ലാം തന്നെ ആ മഹാത്മാവിന്റെ ദർശനങ്ങളും മാനവികതയും വിശ്വസാഹോദര്യബോധവും പ്രതിഫലിക്കുന്നതായി കാണാം."

നൂറുവർഷത്തിലേറെ പഴക്കമുള്ള തിരുമേനിയുടെ കത്തുകൾ പ്രകാശിപ്പിക്കാൻ പണിപ്പെട്ട ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തിയെ ശ്ലാഘിക്കാതെ പറ്റില്ല. പരുമലത്തിരുമേനി ജനിച്ച വീട്ടിൽ അദ്ദേഹത്തിന്റെ പിൻ തലമുറക്കാരനായി ജനിച്ചതുമാത്രമല്ല ഈ ഗ്രന്ഥം പ്രകാശിപ്പിക്കാൻ ഡോ. ജിമ്മിയെ പ്രാപ്തനാക്കിയിരിക്കുന്നത്.പരുമലത്തിരുമേനിയുടെ പ്രതിഭയുടെ ഒരംശം പാരമ്പര്യമായി ഡോ. ജിമ്മിക്കും ലഭിച്ചിരിക്കുന്നു. പരുമല തിരുമേനിയെ 'കൊച്ചുപ്പാപ്പൻ' എന്നു വിളിക്കുന്ന ഒരു കുടുംബത്തിൽ ജനിക്കാൻ ഭാഗ്യം സിദ്ധിച്ചതിലൂടെ അചഞ്ചലമായ ദൈവവിശ്വാസത്തിന്റെ പ്രദീപ്തത പങ്കു വയ്ക്കാനും ഡോ. ഏലിയാസ് ജിമ്മിക്കു ഈ ഗ്രന്ഥത്തിലൂടെ സാധിച്ചിരിക്കുന്നു.

പരുമല തിരുമേനി ജനിച്ച ഭവനത്തിന്റെ കാവൽക്കാരൻ എന്നു അഭിമാനിക്കുന്ന ഡോ. ഏലിയാസ് ജിമ്മി ഈ കത്തുകളുടെ പ്രകാശനത്തിലൂടെ വായനക്കാരുടെ ആത്മാവിനു 'പുത്തൻതീ' യാണ് പ്രദാനം ചെയ്യുന്നത്. ഈ ഗ്രന്ഥത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എഴുതിയ അനുഗ്രഹ വചനങ്ങളിൽ ശ്രദ്ധേയമായ ഒരു പരാമർശനം ഉദ്ധരിക്കാം: "പരുമല തിരുമേനി സ്വന്ത കുടുംബത്തിനു അയച്ച കത്തുകൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നതു മലയാള സാഹിത്യത്തിനു പൊതുവേയും ക്രൈസ്തവ സമൂഹത്തിനു പ്രത്യേകിച്ചും ഒരു മുതൽക്കൂട്ടാണ്. ദൈവവിശ്വാസത്തിലൂടെയും ദൈവസംസർഗ്ഗത്തിലൂടെയും പരിപോഷിപ്പിക്കപ്പെട്ട ആത്മീയത ആ ശ്രേഷ്ഠ ജീവിതത്തിന്റെ ഓരോ നിമിഷത്തെയും നയിച്ചിരുന്നു എന്ന സത്യമാണ് ഈ കത്തിൽ ദൃശ്യമാകുന്നത്."

പരുമലത്തിരുമേനിയുടെ സ്വകാര്യകത്തുകളിൽ അടങ്ങിയിരിക്കുന്ന ആലോചനകൾ കുടുംബാംഗങ്ങൾക്കു മാത്രമല്ല പൊതുവേ എല്ലാവർക്കും ജീവിത നവീകരണത്തിനുള്ള ഉപാധിയാ

യിരിക്കുന്നതിനാൽ ഈ കത്തുകൾ അവതരിപ്പിക്കുന്ന ദർശനങ്ങൾ മലയാള സാഹിത്യത്തിനൊരു പുണ്യം തന്നെയാണ്.സ്വന്തം കൈപ്പടയിൽ കുടുംബത്തിലെ ഒരാൾക്ക് അയച്ച കത്തു നോക്കുക:"ഏവരും തന്നത്താൻ അറിയണം, ബലമറിഞ്ഞു നടക്കണം, ബുദ്ധി പഠിക്കണം, ബുദ്ധിമാൻ എന്നു പഠിക്കരുത്, ഗണത്തെ മറക്കരുത്, എല്ലാവരെയും കരുതണം, ദൈവത്തെ ഭയപ്പെടണം, സാത്താനെ പേടിക്കരുത്, ശത്രുവിനെയും സ്നേഹിക്കണം, ബന്ധുക്കളെ ശത്രുക്കളാക്കരുത്, ദൈവത്തോടു ചോദിച്ച് നടക്ക, പിതാവിനോടും ചോദിക്ക, പിതാവു കൈവിട്ടാൽ ദൈവവും കൈവിടും".

ആശയങ്ങൾ പങ്കുവയ്ക്കാൻ ചെറിയ വാക്കുകൾ പരുമലത്തിരുമേനി ഉപയോഗിക്കുന്നു. ഭാഷയുടെ ലാളിത്യം, കവിത തുളുമ്പുന്ന ഗദ്യശൈലി, നേരേ ചൊവ്വേ കാര്യങ്ങൾ പറയാനുള്ള ആർജവം, സുതാര്യമായ ചിന്ത എന്നിങ്ങനെ ഈ കത്തിൽ എടുത്തു പറയാൻ കഴിയുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. ഈ കത്തുകൾ വായിക്കുമ്പോൾ ആ വിശുദ്ധൻ നമ്മേ വിളിക്കുന്നതു പോലെ തോന്നുന്നു.

മറ്റൊരു കത്തു നോക്കുക: "നിങ്ങൾ സദാ നേരവും വേദവാക്യങ്ങൾ വായിക്കുകയും നിങ്ങളുടെ പിതാക്കന്മാരായ ഞങ്ങൾക്കു നിങ്ങളുടെ നിമിത്തം ദൈവത്തിന്റെ സന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ബഹുമാനവും യശസ്സും വർധിപ്പാനായി നിങ്ങൾ നല്ലവണ്ണം നടക്കുകയും നിങ്ങളുടെ പിതാക്കന്മാരുടെ ചൊല്ലുവിളിയെ പിന്തുടരുകയും വേണം."

കുടുംബത്തിലെ അംഗങ്ങൾക്കു പരുമലത്തിരുമേനി അയച്ച കത്തുകൾ ഇന്നു വായിക്കുമ്പോൾ എല്ലാവർക്കും സ്വീകാര്യമായ ഒന്നായി തോന്നുന്നു. ഈ കത്തുകളുടെ പ്രത്യേകത അതാണ്. ഇതു എല്ലാവരോടും സംസാരിക്കുന്നു. ഈ പുസ്തകത്തിൽ ഏറെയും കൊച്ചുമാത്തുവിനുള്ള കത്തുകളാണ്. പരുമലത്തിരുമേനിയുടെ ജ്യേഷ്ഠൻ കുഞ്ഞുവർക്കിയുടെ മൂത്തമകനാണ് കൊച്ചുമാത്തു.

കുടുംബത്തിൽ പ്രായമായവരെ പ്രത്യേകം കരുതണമെന്നു ചൂണ്ടിക്കാണിക്കുന്ന വചനങ്ങൾ ഒരു കത്തിൽ നിന്ന്: "അമ്മാവിയമ്മയുടെ കാര്യം നിങ്ങൾക്കു ഭക്തി ആയിരിക്കണം. അവർക്കു വ്യസനം ഒന്നിലും ഉണ്ടാകരുത്. വല്യമ്മയുടെ കാര്യവും പ്രത്യേകം ആയിരിക്കണം. കൂടെക്കൂടെ നിങ്ങൾ ചെന്നു കൊണ്ടുവരികയും അവിടെ താമസിപ്പാൻ നിർബന്ധിക്കുകയും വേണം. അവിടുത്തെ അവകാശി ആണെന്നു ഓർത്തുകൊള്ളണം. അങ്ങു ആങ്ങളമാരുടെ മക്കളുടെ കൂടെയാണു താമസം. മുമ്പിലത്തെപോലെ വരികയില്ലാ അതിനാൽ അവർക്കു ഒന്നുകൊണ്ടും വ്യസനം ഉണ്ടാക്കരുത്. മുണ്ടൊ മുറിയൊ എന്താ ആവശ്യമെന്നുവെച്ചാൽ നിങ്ങളുടെ അമ്മക്കു എങ്ങിനെയൊ അതിൽ കുറെക്കൂടെ ഭക്തി ആയിരിക്കണം. നിങ്ങളുടെ അമ്മയുടെ കാര്യമൊ നാം പറയണ്ടല്ലൊ. നിങ്ങളുടെ സഹോദരിയുടെ കാര്യവും അങ്ങിനെതന്നെ. ഇവർ നാലുപേരും വിധവകളാകയാൽ യാതൊരു വ്യസനവും അവർക്കുണ്ടാകുവാൻ ഒരിക്കലും സംഗതിയാകരുതു." (ഈ കത്തിൽ പറയുന്ന അമ്മാവി തിരുമേനിയുടെ പെങ്ങളും വല്യമ്മ തിരുമേനിയുടെ ജ്യേഷ്ഠന്റെ ഭാര്യയും അമ്മ തിരുമേനിയുടെ മറ്റൊരു ജ്യേഷ്ഠന്റെ ഭാര്യയും നാലുവിധവകൾ കൊച്ചുമാത്തുവിന്റെ സഹോദരിമാരും ആണ്). പരുമലത്തിരുമേനിയുടെ ഈ കത്തിനെപ്പറ്റി ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി അഭിപ്രായപ്പെടുന്നതു, കാരണവന്മാരെ ഒട്ടും കരുതാതെ അവരെ പെരുവഴിയിൽ ഉപേക്ഷിക്കാൻ തക്കം പാർത്തിരിക്കുന്ന ഇന്നത്തെ പരിഷ്കൃത സമൂഹത്തിനു ഇതൊരു ചൂണ്ടുപലകയാണെന്നാണ്.

കൊച്ചുമാത്തുവിനയച്ച മറ്റൊരു കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു; നാം ചെയ്യുന്നതൊന്നും അവർക്കു സഹായത്തിനുള്ള നന്ദി അവരിൽ കാണുന്നില്ലെന്നു നീ വിചാരിക്കുന്നതു ശരിയാകുന്നു. ആ നന്ദി അവരിൽ ഉണ്ടാകയില്ല. നാം ചെയ്യുന്നതു ദൈവത്തെ കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽ നിന്നു നല്ല പ്രതിപകരം കിട്ടും... നീ ജ്ഞാനത്തോടു കൂടി ക്ഷമിക്കണം. തിന്മക്കു പകരം നന്മ നീ വിചാരിക്കണം. ഇതാകുന്നു നല്ലത്".

വചനസുധ എന്നു വിശേഷിപ്പിക്കാൻ കഴിയുന്ന മറ്റൊരു വാക്യം ഇതാഃ "നമ്മുടെ നല്ല നെല്ലിന്റെ കൂടെ കള്ളനെല്ലു ചേർക്കരുതെ. മറ്റു വല്ല വഴിയിലും നഷ്ടം വളരെ വന്നിട്ടുണ്ടെങ്കിലും അവയെല്ലാം ദൈവം പോക്കി തരുന്നതാകുന്നു എന്ന് സത്യമായി വിശ്വസിച്ചു തമ്മിൽ സമാധാനമായി തീരണം".

തിരുമേനിയുടെ ജ്യേഷ്ഠനായ കുഞ്ഞുവർക്കിക്ക് എഴുതിയ ഒരു കത്ത് കുടുംബത്തിലെ ചില കാര്യങ്ങളെ മുൻനിർത്തിയാണ്. കുടുംബാംഗങ്ങൾ തെറ്റു ചെയ്യാൻ പാടില്ല എന്നൊരു മുന്നറിയിപ്പ് നൽകുന്ന ഒരു കത്തിൽ നിന്ന്: "അരുതന്നെ ആയാലും വ്യാജമായി സാക്ഷി പറയുന്നതു ആത്മനാശവും കുടുംബനാശവും എന്നു മാത്രമല്ല സജ്ജനങ്ങളുടെ ഇടയിൽ വല്യ അക്ഷേപത്തിനു കാരണവും ആയിത്തീരുന്നതാകയാൽ ഒരിക്കലും അങ്ങിനെ ചെയ്തു പോകരുതെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ദൈവം തന്നെ സർവ്വശക്തൻ. താൻ തന്നെ ആകുന്നു ഇഹത്തിലും പരത്തിലും നമ്മെ രക്ഷിക്കുന്നതും. തന്നിൽ ആശിക്കുന്നവന്റെ ആശ ഒരിക്കലും വ്യർത്ഥമായിപോകാത്തതും ആയിരിക്കുമ്പോൾ ആ ദൈവത്തെ ഉപേക്ഷിച്ചു പുഴുവാകുന്ന ഒരു മനുഷ്യനിൽ ശരണപ്പെട്ടുകൊണ്ടാൽ അവൻ വരുവാനിരിക്കുന്ന സകല ആപത്തുകളിൽ നിന്നും നരക ശിക്ഷയിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നതല്ലന്നുള്ളതും മറ്റും അറിയാമല്ലൊ".

ജയിക്കാൻ മാത്രമല്ല തോൽക്കാനും പഠിക്കണമെന്ന ഒരാശയമാണ് പങ്കുവയ്ക്കുന്നത്. സമൂഹത്തിൽ ഇന്നു കാണുന്ന പല തിന്മകൾക്കും കാരണം നമ്മൾ തോൽക്കാൻ പഠിക്കാത്തതു കൊണ്ടാണെന്നാണ് തിരുമേനിയുടെ നിരീക്ഷണം. ഇളംതലമുറയെ നമ്മൾ ജയിക്കാൻ മാത്രമാണ് പഠിപ്പിക്കുന്നത്. ഒരു തോട് വെട്ടുന്നതിനെച്ചൊല്ലി

അയൽവാസിയുമായി ഉണ്ടായ തർക്കത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ കത്തിലാണ് "ജയിപ്പാൻ മാത്രമല്ലാ തോൽപ്പാനും പഠിക്കണം" എന്ന വാക്യം. ഒരു തോട് ഇട്ടുകൊടുത്താൽ തർക്കം തീരും. തോട് വെട്ടാൻ മറ്റേ ആളുകൾക്ക് കഴിവില്ല. അതിനാൽ എല്ലാ അയൽക്കാരും തങ്ങൾക്കുവേണ്ടിയുള്ളവരായിത്തീരണമെന്ന ജ്ഞാനം കൂടി നമുക്കു ഉണ്ടായിരിക്കണമെന്നും ഈ കത്തിൽ ചൂണ്ടിക്കാട്ടുന്നു. അവർക്കു ശക്തിയില്ലെങ്കിലും അയൽക്കാരുടെ ഉടയക്കാരൻ ശക്തിമാനാണെന്ന കാര്യം തർക്കം നടത്തുന്നവരെ തിരുമേനി ഓർമ്മിപ്പിക്കുന്നു.

പരുമലത്തിരുമേനി ജനിച്ച തറവാട് വീട്, പൊളിച്ചു പണി കഴിപ്പിച്ചതാണ് ഇപ്പോഴത്തെ ചാത്തുരുത്തി വീട്. ജ്യേഷ്ഠൻ കുഞ്ഞുവർക്കിയുടെ മേൽനോട്ടത്തിലാണ് 1892-ൽ ഇതിന്റെ പണി ആരംഭിച്ചതെങ്കിലും പണിക്കായി ഉപയോഗിക്കേണ്ട മരങ്ങളെപ്പറ്റിയും അതിൽ കോൺക്കണക്കുകളെപ്പറ്റിയും വിലയെപ്പറ്റിയും ഒക്കെ പരുമലത്തിരുമേനിക്കു നല്ല തിട്ടമുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന ഒരു കത്തുണ്ട്. ഈ വീട് പണിയാൻ മൂലക്കല്ലായി ഇട്ടിട്ടുള്ള കല്ല് റൂശ്മ ചെയ്തു പരുമലത്തിരുമേനിയാണ്. വീടുപണിയെപ്പറ്റി കുഞ്ഞുവർക്കിക്ക് എഴുതിയ കത്തിൽ മാർഗനിർദ്ദേശങ്ങളോടൊപ്പം തിരുമേനി ഇങ്ങനെയും എഴുതിയിരിക്കുന്നു: "കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടും പുര പൊളിച്ചു അടിസ്ഥാനം ചെയ്യാൻ തുടങ്ങണം. ഇതാകുന്നു നമ്മുടെ താല്പര്യം. അപ്പോൾ ദൈവ അനുഗ്രഹം ഉണ്ടാകും ദൈവത്തിന്റെ വാസം അതിൽ ഉണ്ടാകും".

ഇതേപ്പറ്റി ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി അഭിപ്രായപ്പെടുന്നതു, വീടുപണിയുമ്പോൾ സുഖസൗകര്യങ്ങളുടെ കാര്യമല്ല, അതിൽ ദൈവത്തിന്റെ വാസം ഉണ്ടാവേണ്ടതിനെപ്പറ്റിയാണ് പ്രധാനമായും ചിന്തിക്കാൻ പരുമലത്തിരുമേനി ഉദ്ബോധിപ്പിക്കുന്നതു എന്നാണ്.

ദയറാപ്പട്ടക്കാരനായിരുന്ന കാലത്തു തിരുമേനി ജ്യേഷ്ഠനു എഴുതിയ ഒരു കത്ത് ഇങ്ങനെ: "എന്റെ പറ്റിൽ ഒരു രൂപയും ഇല്ലാ. അതിനാൽ ഒരു അഞ്ചു രൂപാ കൊടുത്തയക്കണം" മറ്റൊരു കത്തിൽ എഴുതിയതു "ഒരു പറ അരി കൊടുത്തയക്കണം" എന്നായിരുന്നു. ഒരു പറ അരി കൊടുക്കുന്നില്ലെങ്കിൽ ഉള്ളടത്തോളം കൊടുത്തയക്കണമെന്നും എഴുതിയിരിക്കുന്നു. "ഒരു കൂട്ടം ചെരുപ്പു വാങ്ങാൻ ഒന്നുരണ്ടുരൂപ കടം വാങ്ങിയെന്നാണ് മറ്റൊരു കത്ത്. ഇപ്രകാരമായിരുന്നു പരുമലത്തിരുമേനിയുടെ ജീവിതത്തിലെ ചില സാമ്പത്തിക കാര്യങ്ങൾ!

പരുമലത്തിരുമേനിക്കു മൃഗങ്ങളോടുള്ള സ്നേഹത്തിനു ഒരു സൂചനയാണ് ജ്യേഷ്ഠന്റെ മകൻ കൊച്ചു മത്തായിക്കു എഴുതിയ ഒരു കത്ത്. വീട്ടിലെ ആന ക്ഷീണിച്ചു പോയതായി അറിഞ്ഞപ്പോൾ അസ്വസ്ഥനായ തിരുമേനി പരുമലയിൽ നിന്നും ഇങ്ങനെ എഴുതി:

"ആനയെ അവിടെ നിർത്താതെ ഇങ്ങോട്ടയക്കുന്നതും ഇവിടങ്ങളിൽ വേല ചെയ്യിക്കുന്നതും തന്നെ നല്ലതു. ആനയുടെ സൂക്ഷത്തിനും രക്ഷയ്ക്കും കൊള്ളാം എന്നു അവർ പറയുക മാത്രമല്ലാ നമുക്കും അങ്ങനെ തോന്നുന്നു. എന്തെന്നാൽ ഇവിടങ്ങളിലുള്ള ഉടമ്പടിക്കാർ മിക്കവാറും നാം അറിയുന്നവരും വിശ്വസ്തന്മാരും ആകുന്നു. ഇവിടെയുള്ള നമ്മുടെ ആന യെ ഇവർക്കുതന്നെ ആകുന്നു ഇപ്പോൾ കൊടുത്തിരിക്കുന്നത്. മറ്റുള്ളവരായാലും ഇവരെപ്പോലെയുള്ളവരാകുന്നു. ആ തിന്മപെട്ടവനെപ്പോലെ വരികയില്ല എന്നു മാത്രമല്ല, ഇപ്പോൾ അവിടുത്തെ നമ്മുടെ ആനയെ കൊണ്ടു നടക്കുന്ന ആനക്കാരൻ കൊള്ളരുതാത്തവനും ആനമേൽ കരുണയില്ലാത്തവനും തന്റെ സൂക്ഷ്മക്കേടുകൊണ്ടും ആക്രമം കൊണ്ടും ഒരാനയെ കൊന്നവനും എന്നു ഇവിടങ്ങളിൽ പറയപ്പെട്ടവനാകുന്നു. അവൻ ഇവിടത്തുകാരനും ആകുന്നു. വേറെ ഇവിടങ്ങളിൽ നല്ല ആനക്കാരുണ്ട്. അവരെ ഏല്പിച്ചു കൊടുത്തു രണ്ടിനെയും ഒരുമിച്ചു നടത്തുന്നതാകുന്നു നല്ലത് എന്നു തോന്നുന്നു. ആനക്കാരനെ ഒഴിക്കണമെന്നുള്ള വർത്തമാനം എത്രയും രഹസ്യമായിരിക്കണം. ഒഴിച്ചതിന്റെ ശേഷമെ അവൻ ഗ്രഹിക്കാവൂ. അല്ലെങ്കിൽ അവൻ ഉപദ്രവിച്ചെ മാറൂ."

ഇപ്രകാരം തിരുമേനിയുടെ വ്യക്തിത്വത്തിലേക്കും ജീവിതത്തിലേക്കും വെളിച്ചം വീശുന്നവയാണ് ഈ സമാഹാരത്തിലെ കത്തുകൾ.

ഈ പുസ്തകത്തിൽ മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസിയോസിന്റെയും വട്ടശ്ശേരിൽ തിരുമേനിയുടെയും കുറെ കത്തുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തിയുടെ പിതാവായ ജിമ്മി ചാത്തുരുത്തി എഴുതിയ 'പരുമല ബാവാ' എന്ന കുറിപ്പും അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരുമലതിരുമേനി-ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും
ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി. പ്രസാധകർ: ഡിസി ബുക്സ്, കോട്ടയം, വില: 595

(2015 ഒക്ടോബർ ലക്കം മലങ്കരസഭ മാസികയിൽ പ്രസിദ്ധീകരിച്ചത്.)



യുവജനപ്രസ്ഥാനം
ഇടുക്കി ഭദ്രാസനത്തിന്റെ
നേതൃത്വത്തിലുള്ള
പരുമല പദയാത്ര



# പരിമളം പരത്തുന്ന പരുമല തിരുമേനി


**ഫാ. ഷൈജു കുര്യൻ**
(നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി)




ഭാരതത്തിലെ ക്രൈസ്തവ സഭകളിൽ നിന്നും വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട ആദ്യത്തെ ഭാരതീയനാണ് പരിശുദ്ധ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത. കേവലം 54 വർഷം മാത്രം ഭൂമിയിൽ ജീവിച്ച് ദൈവത്തെ ജീവിതത്തിൽ അനുഭവിച്ചറിയുകയും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്ത മുനിവര്യനായിരുന്നു പരുമല തിരുമേനി. അതുകൊണ്ട് ജീവിച്ചിരിക്കുമ്പോൾ തന്നെ ഈ തിരുമേനി ജനമനസ്സുകളിൽ ഒരു ദൈവപുരുഷന്റെ സ്ഥാനം നേടിയിരുന്നു എന്നതിന് സംശയമില്ല. മലങ്കര സഭാ ചരിത്രത്തിൽ ജീവിതം കൊണ്ടും പ്രാർത്ഥന കൊണ്ടും പരിശുദ്ധ സഭയ്ക്ക് ഊടുംപാവും നെയ്ത അനേകരുണ്ട്. സ്വജീവിത സമർപ്പണം കൊണ്ട് അവർ വരച്ച ചിത്രങ്ങളും പാടിയ പാട്ടുകളുമാണ് സഭയ്ക്ക് നിറവും മണവും ഗുണവും പകർന്നു നൽകിയത്. അത്തരത്തിൽ മലങ്കര സഭയെ പ്രോജ്ജ്വലിപ്പിച്ച വിശുദ്ധനാണ് ഈ കൊച്ചു തിരുമേനി. ചെറുപ്പത്തിന്റെ മധുരിമയും ഭംഗിയും ധ്യാനാത്മകതയും വിളങ്ങിനിന്ന പരിമളം പരത്തിയ പുണ്യ പുരുഷനായിരുന്നു പരുമല തിരുമേനി.

1848 ൽ മുളന്തുരുത്തിയിൽ ജനിച്ച്, വെട്ടിയ്ക്കൽ ദയറായിൽ നിന്ന് സന്യാസജീവിതത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട് മലങ്കര ആകമാനം പ്രശോഭിച്ച് 1902 ൽ പരുമലയുടെ മണ്ണിൽ കബറടക്കപ്പെട്ടിട്ട് 113 വർഷമാകുമ്പോഴും ഇന്നും ജനമനസ്സുകളിൽ അനുസ്യൂതം പരിമളം പരത്തുന്ന പരിശുദ്ധനായി പരുമല തിരുമേനി നിറഞ്ഞു നിൽക്കുന്നു. മരണമടഞ്ഞ വിശുദ്ധനായ ഏലീശാപ്രവാചകന്റെ അസ്ഥികളിൽ വീണ മൃതദേഹം ജീവനുള്ള ദേഹിയായി ഉയർത്തെഴുന്നേറ്റതുപോലെ പരുമലയിലെ കബറിടം ആശ്രയം നഷ്ടപ്പെട്ടവന്റെ അഭയകേന്ദ്രമായി മാറിയിരിക്കുന്നു. ഒരു നൂറ്റാണ്ട് മുമ്പ് യക്ഷിക്കഥകൾ കൊണ്ട് ജനവാസമില്ലാതെ ഒറ്റപ്പെട്ടു കിടന്നിരുന്ന പരുമല ദ്വീപ് ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ വിശ്വാസികൾ പ്രവഹിക്കുന്ന ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായി പരിലസിക്കുന്നു. അതേ! വിശുദ്ധന്റെ അസ്ഥി അലിഞ്ഞു ചേർന്ന മണ്ണ് വിശുദ്ധ ഭൂമി ആയിരിക്കുന്നു. ഈ വിശുദ്ധന്റെ കാലടികളെ നമുക്കും പിന്തുടരാം.

ഒരു സന്യസ്തനായി ജനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച പുണ്യപിതാവായിരുന്നു പരിശുദ്ധ പരുമല തിരുമേനി. ജീവിത കാലത്ത് തന്നെ നിരവധി അനുഭവങ്ങളും അത്ഭുതങ്ങളും ദൈവനാമത്തിൽ അദ്ദേഹം പകർന്നു നൽകി. രോഗങ്ങളും പ്രയാസങ്ങളും തന്നെ അലട്ടിയപ്പോഴൊക്കെയും ദൈവകരത്തിൽ സ്വയം സമർപ്പിതനായി അദ്ദേഹം ജീവിതം നയിച്ചു. എത്രകാലം ജീവിച്ചു എന്നല്ല ജീവിച്ചകാലം എപ്രകാരം ജീവിതം നയിച്ചു എന്നതാണ് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. വളരെ കുറച്ചു കാലം മാത്രം ഈ ലോകത്തിൽ ജീവിച്ച് പ്രാർത്ഥനയിലും ഉപവാസത്തിലും സ്വയം സമർപ്പിതനായി ദൈവത്തിൽ ലയിച്ചു ചേർന്ന ഈ പിതാവ് നമ്മുടെ മുമ്പിൽ ഒരു വെല്ലുവിളിയായി നിൽക്കുന്നു. ധാർമ്മീക മൂല്യങ്ങളും നന്മകളും വറ്റിവരളുന്ന ഇക്കാലത്ത് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതം നമുക്ക് മാതൃകയാക്കാം. അതിലൂടെ ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കുവാൻ നമുക്ക് ഇടയാകട്ടെ. പുത്തൻ സമൂഹ നിർമ്മിതിക്കായി നമ്മുടെ സഭയിൽ നിന്നും പരിശുദ്ധ പരുമല തിരുമേനിയെപ്പോലുള്ള വിശുദ്ധർ ഇനിയും ഉയർന്നു വരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# പരിശുദ്ധ പരുമല തിരുമേനി വിളി ഉറപ്പാക്കിയ മുനിശ്രേഷ്ഠൻ



**പ്രിനു റ്റി. മാത്യൂസ് മൈലപ്രാ**

**കേന്ദ്ര ട്രഷറർ**

ചിത്രരചനയിൽ വിദഗ്ധനായ ഒരു അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥികൾക്കു വളരെയധികം പ്രോത്സാഹനം നൽകിയിരുന്നു. അതിൽ ഒരുവൻ ലോക പ്രശസ്തനായ ചിത്രകാരനായിത്തീർന്നു. അദ്ധ്യാപകൻ വാർദ്ധക്യസഹജമായ ബലഹീനതയാൽ ജോലി തുടരുവാൻ കഴിയാതെവണ്ണം ക്ഷീണിതനായിക്കൊണ്ടിരുന്നു. ഒരു ദിവസം അദ്ധ്യാപകൻ പ്രിയ ശിഷ്യനെ വിളിച്ച് താൻ വരയ്ക്കുവാൻ ആരംഭിച്ച ഒരു ചിത്രം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അദ്ധ്യാപകൻ പരിചയസമ്പന്നായിരുന്നതിനാൽ അദ്ദേഹത്തോടുള്ള ബഹുമാനം നിമിത്തം ചിത്രം വരയ്ക്കുവാൻ തനിക്കു യോഗ്യതയില്ലെന്നു പറഞ്ഞ് ശിഷ്യൻ വിസമ്മതം പ്രകടിപ്പിച്ചു. എന്നാൽ ഒഴികഴിവൊന്നും സ്വീകരിക്കാതെ അദ്ധ്യാപകൻ താൻ എടുത്ത തീരുമാനത്തിൽ ഉറച്ചുനിന്നുകൊണ്ട് ശിഷ്യനെ ചിത്രം വരച്ച് പൂർത്തീകരിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു.

ഒടുവിൽ മറ്റു മാർഗ്ഗമില്ലാതെ വളരെ ഭയത്തോടെ ശിഷ്യൻ തൂലികയെടുത്ത് ചിത്രം വരയ്ക്കുന്ന ബോർഡിനു മുന്നിലിരുന്നു. "ഈ ചിത്രം വരയ്ക്കുന്നതിനുള്ള യോഗ്യതയോ കഴിവോ എനിക്കില്ലെങ്കിലും ആ വേലയ്ക്കായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് അയാൾ ചിത്രരചന ആരംഭിച്ചു. അതേത്തുടർന്ന് അതു ചെയ്യുവാനുള്ള വലിയ ധൈര്യം അവനു ലഭിച്ചു. അവൻ തന്നെത്തന്നെ മറന്ന് ചിത്രരചനയിൽ വ്യാപൃതനായി. ചിത്രരചന പൂർത്തിയാക്കിയതിനുശേഷം അതു കാണുവാൻ അദ്ധ്യാപകനെ വിളിച്ചു. ചിത്രം ഭംഗിയായി വരച്ചിരുന്നതിനാൽ അദ്ധ്യാപകന്റെ കണ്ണ് ചിത്രത്തിൽത്തന്നെ പതിഞ്ഞു. സന്തോഷാതിരേകത്താൽ ഗുരു ശിഷ്യനെ തലോടിക്കൊണ്ട് ആശ്ലേഷിച്ച് അനുഗ്രഹങ്ങൾ നൽകി.

നമ്മുടെ കർത്താവായ യേശു ഈ ഭൂമിയിൽ പിതാവാം ദൈവം തന്നെ ഏൽപ്പിച്ച ശുശ്രൂഷ തികച്ച് ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റപ്പോൾ തന്റെ ശുശ്രൂഷ ഭൂമിയിൽ തുടരുന്നതിനായി ശിഷ്യരെ ഭരമേൽപ്പിച്ചു.അവരിൽ അനേകരും വിദ്യാഭ്യാസമില്ലാത്തവരും, സാധാരണക്കാരും, മീൻപിടുത്തക്കാരുമായിരുന്നു.എങ്കിലും അവരെ പേര് ചൊല്ലിവിളിച്ച് കർത്താവ് അവരിലൂടെ വലിയ കാര്യങ്ങൾ ചെയ്തു. നാം ദൈവകരങ്ങളിൽ സമർപ്പിക്കുമെങ്കിൽ അവൻ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കിത്തരും. നാം പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരും ക്രിസ്തുയേശുവിനായി സൂക്ഷിക്കപ്പെട്ടവരുമായ വിളിക്കപ്പെട്ടവരാണ് എന്നറിയുക (യൂദാ 1)

പരിശുദ്ധ പരുമല തിരുമേനിയും ആ ചൊല്ലുവിളിയെ ഉറപ്പാക്കിയ ഭക്തനായിരുന്നു. മരിച്ചിട്ടും മരിക്കാത്തവനായി ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്ന ഈ പരിശുദ്ധ പിതാവ് സ്വർഗ്ഗീയ മദ്ധ്യസ്ഥനായി നമുക്കുവേണ്ടി നിലകൊള്ളുന്നു. ഈ ഭൂമിയിൽ ജീവിച്ചപ്പോൾ നിരന്തരം വിശ്രമമില്ലാതെ ദൈവമുഖത്തേക്കുനോക്കിയ ഈ പിതാവ് തിരുമുഖ ശോഭ ദർശിക്കുവാൻ ഇടയായി. ഈ പിതാവിന്റെ ഓർമ്മ കൊണ്ടാടുമ്പോൾ കർത്താവിന്റെ തിരുമുഖത്തേക്ക് നോക്കി വിളിച്ചപേക്ഷിക്കുവാൻ നമുക്കു കഴിയണം. നമ്മുടെ കണ്ണുനീർ അവന്റെ തുരുത്തിയിൽ നിറയട്ടെ. നമ്മുടെ നിലവിളി അവന്റെ ചെവികളിൽ എത്തട്ടെ. പരിശുദ്ധ പിതാവിന്റെ ഓർമ്മ ആയതിന് ഇടയായിത്തീരട്ടെ.

"എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ, ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും." യോഹന്നാൻ 12:26

## തിരുവസ്ത്രങ്ങൾ വില്പനയ്ക്ക്

**വൈദീകരുടെ കുപ്പായം, കാപ്പ, വിരിക്കൂട്ട്, ചിത്തോല, ഊറാറ തുടങ്ങിയ തിരുവസ്ത്രങ്ങൾ വില്പനയ്ക്ക്.**

*Contact* : **The Tur-Abdin Village**
**Koraha Valavu**
**A. C Road, Mampuzhakery**
**Changanasserry**

# പരി. പരുമല തിരുമേനി



| | |
|---|---|
| 1848 ജൂലൈ 15 | – ജനനം (കൊച്ചുമത്തായിയുടെയും മറിയയുടെയും മകനായി) |
| 1858 സെപ്തംബർ 14 | – കോറൂയോപട്ടം (കരിങ്ങാച്ചിറയിൽ) |
| 1865 തുലാം | – ശംശോനോപട്ടം (യൂയാക്കിം മാർ കുറിലോസിൽ നിന്ന്) |
| 1865 വൃശ്ചികം | – കശ്ശീശാപട്ടവും, കോർ എപ്പിസ്കോപ്പാ സ്ഥാനവും |
| 1872 എപ്രിൽ 7 | – റമ്പാൻ സ്ഥാനം (പുലിക്കോട്ടിൽ തിരുമേനി, വെട്ടിക്കൽ ദയറാ) |
| 1875 | – പാത്രീയർക്കീസിന്റെ ദ്വിഭാഷിയും, സെക്രട്ടറിയുമായി നിയമനം (1875–1877) |
| 1876 ജൂൺ 27–29 | – മുളന്തുരുത്തി സുന്നഹദോസിൽ പ്രധാന പങ്കാളിത്തം |
| 1876 ആഗസ്റ്റ് 27 | – മുളന്തുരുത്തിയിൽ വച്ചുനടന്ന വി.മൂറോൻ കൂദാശയിൽ സജീവ പങ്കാളിത്തം |
| 1876 ഡിസംബർ 10 | – മെത്രാപ്പോലീത്ത (പാത്രീയർക്കീസിനാൽ വാഴിക്കപ്പെട്ടു, വടക്കൻ പറവൂർ) |
| 1877 ഏപ്രിൽ 26–ജൂൺ4 | – സഭയിലെ മറ്റ് മെത്രാപ്പോലീത്തമാരോടൊപ്പം 40 ദിവസം ഉപവാസിക്കുകയും, ഉപവാസത്തിന്റെ അവസാനം സുന്നഹദോസ് കൂടി. ജൂൺ 5 ന് വെട്ടിക്കൽ ദയറാ പള്ളി കുദാശ ചെയ്യുകയും ചെയ്തു. |
| 1889 ജൂലൈ 29 | – അൽവാറീസ് മാർ യൂലിയോസിനെ വാഴിച്ചപ്പോൾ സഹകാർമ്മികനായിരുന്നു. |
| 1891 | – കൗണ്ടർ മലയാളി അസോസിയേഷനിൽ അദ്ധ്യക്ഷത വഹിക്കുന്നു. (ആലപ്പുഴ) |
| 1892 മെയ് 28 | – റിനി വിലാത്തിയെ മാർ തിമോത്തിയോസായി ലങ്കയിൽവച്ച് വാഴിച്ചപ്പോൾ സഹകാർമ്മികനായിരുന്നു |
| 1895 മകരം | – ഊർശ്ലേലം യാത്ര നടത്തുന്നു, 'ഊർശ്ലേലം യാത്രാ വിവരണം' എന്ന പുസ്തകം എഴുതുന്നു. ആരാധനക്രമത്തിന്റെ തർജ്ജിമ ചെയ്തു. |
| 1902 നവംബർ 2 | – തന്റെ നാഥന്റെ സന്നിധിയിലേക്ക് എടുക്കപ്പെട്ടു |

പ്രിയരെ,



വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തിലും, വിശ്വാസ തനിമയിലും ഉറച്ചുനിന്ന് പൗരസ്ത്യ, പാശ്ചാത്യ സുറിയാനി സഭ പാരമ്പര്യ ത്തിന്റയും, ഭാരതീയ സംസ്ക്കാരത്തിന്റെയും തനിമ ഉൾക്കൊണ്ട സന്യാസ ശ്രേഷ്ഠനായിരുന്നു പരുമല തിരുമേനി.

കഠിനമായ പ്രാർത്ഥനയും, നിഷ്ഠയായ നോമ്പനുഷ്ഠാനങ്ങളാലും ദൈവസാമീപ്യം അനുഭവിച്ചറിഞ്ഞ പരിശുദ്ധ പരുമല തിരുമേനി ജന ഹൃദയങ്ങളിൽ അന്നും ഇന്നും ഒരു ഉത്തമമാതൃകയായി പ്രകാശിക്കുന്നു. പരിശുദ്ധ പരുമല തിരുമേനി ജീവിത വിശുദ്ധിയിൽ പരിശുദ്ധനായി തീർന്ന് ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥതയെ യാചിക്കുന്നു. ആ മഹാപരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം.

പരുമല തിരുമേനിയുടെ പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഈ ലക്കം ഓർത്തഡോക്സ് യുവജനം മാസികയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

**ഫാ. തോമസ് ജോർജ് പട്ടശ്ശേരിൽ**

*(മാനേജിംഗ് എഡിറ്റർ)*



# വാർദ്ധക്യം എന്ന സാമൂഹിക നിർമ്മിതി

**ഫാ.യൂഹനോൻ ജോൺ**

*ചെയർപേഴ്സൺ, സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ്-കേരളാ ഘടകം*



ശരീരത്തെ കാറ്റഗറൈസ് ചെയ്യാൻ മനുഷ്യ സമൂഹം പണ്ടേ സമർത്ഥരാണ്. ജീവൻ തുടിക്കുന്ന ശരീരത്തെ ഘടനയനുസരിച്ച് സ്ത്രീശരീരം, പുരുഷശരീരം,കുട്ടിയുടെ,യുവാവിന്റെ, വൃദ്ധന്റെ എന്നൊക്കെയുള്ള തിരിവുകളുമായി സമൂഹം കാലാകാലാങ്ങളിൽ നിർമ്മിച്ചു നൽകി കൊണ്ടിരിക്കുന്നു. ജീവൻ എന്ന മഹത്തായതിനെ ശാരീരികാടിസ്ഥാനത്തിൽ വിഭാഗിച്ച് നൽകുന്നത് പലപ്പോഴും-ശ്രേണീബദ്ധമായാണ്(Hierarchical)ശ്രേണീയത നിലനിർത്താൻ സമൂഹം മിത്തുകൾ നിർമ്മിച്ച് അറിവുകളായി സംവേദിപ്പിക്കുന്നത് ഒരു സ്വാഭാവിക പ്രക്രിയയായി തന്നെ തുടരുന്നു.

ആധുനികോത്തര ദർശന കാലത്തും വാർദ്ധക്യ ശരീരത്തെ ഗൗരവമായി വായിക്കാൻ (ഫൂക്കോ) സാധിക്കാത്തത് അധികാരത്തോടെ സാമൂഹ്യശരീരം (Social Body) വാർദ്ധക്യത്തെ അടിച്ചമർത്തുന്നത് കൊണ്ടാവാം സ്ത്രീ-പുരുഷൻ എന്ന ബൈനറി (ഡെറീഡാ) അപനിർമ്മാണത്തിന് (De-Construction) വിധേയമാകുന്നുണ്ടെങ്കിലും യൗവനം-വാർദ്ധക്യം എന്ന ബൈനറി ശക്തമാകുന്നതായി സാമൂഹിക ശാസ്ത്രജ്ഞൻമാർ വിലയിരുത്തുന്നു.

വാർദ്ധക്യ ശരീരം വീടിന്റെ കോണിലേക്കും,ഓൾഡ്ഏജ് ഹോമിലേക്കും മാറ്റപ്പെടുവാനുള്ളതാണെന്നയുക്തി (Rationale) സ്ഥിരപ്പെടുത്താനുള്ള യജ്ഞത്തിലാണ് ഇന്ന് മതങ്ങളും, സർക്കാരും, പൊതുസമൂഹവും. ഇന്നേ വരെയുള്ള ലോക ചരിത്രത്തിൽ ആദ്യമായി 65 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം 5 വയസ്സിൽ താഴെയുള്ളവരേക്കാൾ കൂടിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.1910-ൽ ലോകജനസംഖ്യയിൽ ഒന്നരക്കോടിയിൽ താഴെ മാത്രമായിരുന്ന മുതിർന്ന പൗരൻമാർ 2010-ൽ 53 കോടിയിലെത്തി. 2050-ൽ വൃദ്ധജനസംഖ്യ 150 കോടിയായി ഉയരുമെന്നാണ് കണകാക്കപ്പെടുന്നത്.2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ എട്ടുപേരിൽ ഒരാൾ മുതിർന്ന പൗരനാണ്. ഇൻഡ്യയിലെ ജനസംഖ്യയിൽ 8.6% അറുപത് വയസ്സ് പിന്നിട്ടവരാണെങ്കിൽ കേരളത്തിൽ 12.6%പേരും അറുപത് കഴിഞ്ഞവരാണ്. വയോജന പരിപാലനം കാലിക ആവശ്യമാണെങ്കിലും, വൃദ്ധർക്ക് ബദൽ-ഷെൽട്ടറുകൾ ഒരുക്കാനുള്ള ചിന്താ പദ്ധതിയിൽ മാത്രം ഒതുങ്ങുമ്പോൾ പാശ്ചാത്യ സംസ്ക്കാരത്തിന്റെ വെറും അനുകരണമായി മാറും. ഭാരതീയ പശ്ചാത്തലത്തിൽ ജീവ സങ്കൽപ്പത്തെയും കുടുംബ സങ്കൽപ്പത്തെയും ഉൾക്കൊള്ളൽ രീതി ശാസ്ത്രത്തിൽ പുനരാവിഷ്ക്കരിക്കുകയാണ് വേണ്ടത്.

വാർദ്ധക്യം മനോഹരമായ പദമാണ്. വൃദ്ധിയുണ്ടാകുന്ന അവസ്ഥയാണ് വാർദ്ധക്യം.എല്ലാത്തിലും വർദ്ധിച്ച് വരുന്നവരാണ് വൃദ്ധർ.അറിവ്,അനുഭവം,മനോഭാവം, ഇടപെടൽ എന്നിവയിൽ അഭിവൃദ്ധി പ്രാപിച്ചവരാണ് വൃദ്ധർ എന്നാണ് പദസൂചന. ആധുനികോത്തര കാലത്ത് വാർദ്ധക്യമെന്നു കേട്ടാൽ എന്തു സൂചനകളാണ് പൊതുസമൂഹം നിർമ്മിച്ചു നൽകുന്നതെന്ന് വിമർശന വിധേയമായി മനസിലാക്കേണ്ടതുണ്ട്.

ശാരീരിക വാർദ്ധക്യം (Biological Ageing),മന:വാർദ്ധക്യം (Psychological Ageing),സാമൂഹ്യവാർദ്ധക്യം(Sociological Ageing) എന്നിങ്ങനെ 3 തലങ്ങളിൽ വാർദ്ധക്യത്തെ ശാസ്ത്രീയമായി വിലയിരുത്തുന്നുണ്ട്.പ്രായമാകുമ്പോൾ അവയവങ്ങളുടെയും ശാരീരിക പ്രക്രിയകളുടെയും ഘടനയിലും ധർമത്തിലും ഉണ്ടാകുന്ന മാറ്റങ്ങളും കോശനിർമ്മിതിയിലുണ്ടാകുന്ന കുറവും ശാരീരിക വാർദ്ധക്യത്തിലേക്കു നയിക്കുന്നു. ബോധതലം,ഓർമ്മശക്തി, പുതിയ സാഹചര്യങ്ങൾ, പരിസ്ഥിതി എന്നിവയോട് ഇണങ്ങിച്ചേരാനുള്ള മനസ്സിന്റെ കഴിവ് ഇവയൊക്കെ

യാണ് മന:വാർദ്ധക്യത്തിന്റെ നിർണയ ഘടകങ്ങൾ. കുടുംബപരമായ റോളുകൾ, സാമൂഹ്യമായ ഉത്തരവാദിത്വങ്ങൾ, തൊഴിൽപരമായ ദൗത്യങ്ങളും,വിരമിക്കലുമൊക്കെയാണ് സാമൂഹ്യ വാർദ്ധക്യത്തെ നിശ്ചയിക്കുന്നത്. ഈ മൂന്നു വാർദ്ധക്യ തലങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതാണ്. സാമൂഹ്യ വാർദ്ധക്യമെന്ന നിർമ്മിതി അടിച്ചേൽപ്പിക്കാത്ത ശരീരത്തിന്, ശാരീരിക വാർദ്ധക്യത്തെ അതിജീവിക്കാൻ പലപ്പോഴും കഴിയാറുണ്ട്. മനസും-ശരീരവും ക്രിയാത്മകമാകുന്നതിൽ സാമൂഹ്യ ഘടനയ്ക്ക് മുഖ്യ പ ങ്കുണ്ട്.

സാമൂഹ്യ അംഗീകാരം നിജപ്പെടുത്തുന്നത് മൂന്നു തത്വങ്ങളിലൂടെയാണ്: പങ്കാളിത്തം (Participation), ഭദ്രത (Well Being),പദവി (Status). വാർദ്ധക്യത്തിന് ലഭിക്കുന്ന സാമൂഹിക അംഗീകാരത്തെ ചരിത്രപരമായി വിലയിരുത്തുമ്പോഴാണ് ഇന്നത്തെ നിലപാടുകൾ ചോദ്യം ചെയ്യപ്പെടുന്നത്.

പൗരാണിക കാലത്ത് വാർദ്ധക്യത്തിലെ പ്രശ്നങ്ങൾ പലതും ശാരീരിക വാർദ്ധക്യത്തോടുള്ള സ്വാഭാവിക പ്രതികരണമായിരുന്നു (Natural response to physiological ageing) കൂട്ടു കുടുംബ വ്യവസ്ഥിതിയിലും , കാർഷിക സമ്പ്രദായത്തിലും പ്രായം ചെന്നവർക്ക് പങ്കാളിത്തം വളരെ വലുതായിരുന്നു. തീരുമാനം എടുക്കുന്നതിൽ മുതിർന്നവർക്ക് 'ശ്രേഷ്ഠം' പങ്കാളിത്തം ഉണ്ടായിരുന്നു. കാർഷിക വൃത്തിയിൽ ജീവിച്ചിരുന്ന കാലയളവിൽ മുതിർന്നവരുടെ അറിവുകൾക്കും അനുഭവങ്ങളിലൂടെ ആർജിച്ചിരുന്ന കൃഷി സമ്പ്രദായങ്ങൾക്കും മൂല്യം കൊടുത്തിരുന്നു. വ്യവസായിക വിപ്ലവം മാറ്റങ്ങൾക്ക് തുടക്കമിട്ടു. ടെക്നോളജി യുഗത്തിലേക്ക് സാമൂഹ്യ മാറ്റം ഉണ്ടായ പ്പോൾ പഴയ അറിവുകൾ പഴഞ്ചനായി മാറി. ട്രോയാൻസ്കിയുടെ അഭിപ്രായത്തിൽ റിട്ടയർമെന്റ് എന്ന സമ്പ്രദായം 18-ാം നൂറ്റാണ്ടിൽ ഫ്രാൻസിലാണ് തുടക്കമിട്ടത്. ജോലിയിൽ തുടരാൻ ആരോഗ്യം അനുവദിക്കാത്ത പക്ഷം പ്രായമായവർ റിട്ടയർ ചെയ്യുകയും അവർക്ക് പെൻഷനിലൂടെ സാമ്പത്തിക പിന്തുണ നൽകുകയും ചെയ്യുന്ന രീതി മറ്റു പാശ്ചാത്യ സമൂഹങ്ങളും അനുകരിച്ച് തുടങ്ങി.

20-ാം നൂറ്റാണ്ട് വൃദ്ധജനങ്ങളുടെ പാർശ്വവത്ക്കരണാരംഭത്തിന്റെ നൂറ്റാണ്ടായി വിലയിരുത്തപ്പെടുന്നു.തൊഴിലിടങ്ങളിൽ നിന്ന് 55/60/65 തുടങ്ങിയ ഏതെങ്കിലും അക്കങ്ങളിൽ ഒരാളുടെ വയസ്സ് എത്തിയാൽ റിട്ടയർ ചെയ്യണമെന്ന് ലേബർ മാർക്കറ്റ് കൽപിക്കുന്നു. യൂറോപ്യൻ കോളനിവത്കൃത പ്രദേശത്തെ അഡ്മിനിസ്ട്രേറ്റീവ് സിസ്റ്റത്തിലാണ് വിരമിക്കൽ വ്യാപകമാക്കിയത്. അത് ഇന്ന് രാജ്യങ്ങളും എം.എ ൻ.സികളും അവരവരുടെ താൽപര്യ പ്രകാരം പിരിച്ചു വിടൽ പ്രക്രിയയാക്കി മാറ്റി. ഇതിനിടയിൽ ശക്തമായി വളർന്ന ഉപഭോഗ സംസ്ക്കാരത്തിൽ പ്രായമായവർക്ക് സ്പേസ് നന്നേ കുറവ്. ചെറുപ്പക്കാർക്കായുള്ള ഉൽപ്പന്നങ്ങൾ, ചെറുപ്പം നിലനിർത്താനുള്ള ഉൽപ്പന്നങ്ങൾ,ചെറുപ്പക്കാരായ ഉപഭോക്താക്കൾ,ചെറുപ്പക്കാരായ പരസ്യമോഡലുകൾ ഇവയൊക്കെയാണ് ഉപഭോഗ വിപണിയുടെ തത്വങ്ങളും തന്ത്രങ്ങളും. ഇവിടെ വാർദ്ധക്യ ശരീരത്തിനും (Older Bodies)-വൃദ്ധജനങ്ങളുടെതാൽപര്യങ്ങൾക്കും (Older's Interest) സ്ഥാനമില്ല.

ആയുർദൈർഘ്യം കൂടിയെങ്കിലും ജീവിതശൈലീ രോഗങ്ങളുടെ ആവിർഭാവം മൂലം വൃദ്ധജനതയുടെ ശാരീരിക ഭദ്രതയ്ക്ക് (Physical Well Being) ന്യൂനതകൾ വന്നുഭവിക്കുന്നുണ്ട്. ഇൻഡ്യയിലെ ഭൂരിഭാഗം വൃദ്ധജനങ്ങളും പോഷകാഹാരക്കുറവ് മൂലം രോഗഗ്രസ്തരാണ്.വർദ്ധിച്ച ചികിത്സാ ചെലവും, മതിയായ രോഗനിർണയം നടത്താൻ നിവൃത്തിയില്ലാത്തതും ഗ്രാമങ്ങളിലെ വൃദ്ധജനങ്ങൾ അനുഭവുക്കുന്ന നിത്യപ്രശ്നങ്ങളാണ്.അവരുടെ സാമ്പത്തിക ഭദ്രത (Economic well being)-ഉറപ്പുവരുത്താൻ സർക്കാരുകൾക്കും,സംഘടനകൾ ക്കും ബാധ്യതയുണ്ട്.

നിയമപരമായും,രാഷ്ട്രീയമായും , സാംസ്ക്കാരികമായും , നിർമ്മിച്ച് ഉറപ്പിക്കേണ്ടതാണ് വൃദ്ധരുടെ സാമൂഹിക പദവികൾ. വ്യക്തികേന്ദ്രീകരണം (Individualisation) സാമൂഹ്യ ശിഥിലീകരണം (Social Fragmentation) തുടങ്ങിയ മാറ്റങ്ങൾക്ക് സമൂഹം വിധേയമായിക്കൊണ്ടിരിക്കുമ്പോൾ സാമൂഹ്യ ഒറ്റപ്പെടലുകൾ അനുഭവിക്കുന്ന വൃദ്ധജനങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ദൗത്യമാണ്.അതിലേക്ക് കുടുംബദർശനങ്ങളെ രൂപീകരിക്കുന്നതിനാകണം മതങ്ങളും,സമുദായങ്ങളും,സർക്കാരുകളും പ്രഥമ പരിഗണന നൽകേണ്ടത്. വൃദ്ധജനങ്ങളുടെ സാമൂഹ്യ പങ്കാളിത്തത്തിനും, ഭദ്രതയ്ക്കും, നിയമ പരിരക്ഷ നൽകുകയും വേണം.

വാർദ്ധക്യം രോഗങ്ങളുടെ കാലമാണ്.അത് വിശ്രമകാലമാണ്, ലോകം ചെറുപ്പക്കാരുടേതാണ്, വാർദ്ധക്യത്തിൽ പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ല, മുതിർന്നവരെ പുതിയതൊന്നും പഠിപ്പിക്കാനാവില്ല തുടങ്ങിയ സാമൂഹ്യ മിത്തുകൾ തിരുത്തേണ്ടതുമുണ്ട്.



വരിഞ്ഞം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക യുവജനപ്രസ്ഥാനം ഇടവകയ്ക്ക് ഒരു കുഞ്ഞാട് പദ്ധതിയിൽപ്പെടുത്തി നിർധന കുടുംബങ്ങൾക്ക് ആട് നൽകുന്ന പദ്ധതി വികാരി ഫാ. ജേക്കബ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

*വിണ്ടുകീറിയപാദങ്ങളോടെആത്മാവിൻനിയോഗമന്ത്രം ശ്രവിച്ച്*
*ദൈവത്തിന്റെ വിരൽതുമ്പ് പിടിച്ച് വിശുദ്ധ ഗിരിയുടെ ഉന്നതിയിലേക്ക്...*

# ഉന്നതിയുടെ മല പരുമല



**ഫാ. അജി കെ. തോമസ്**
(O.C.Y.M., മാവേലിക്കര ഭദ്രാസന വൈസ് പ്രസിഡന്റ്)

സുവിശേഷത്തിൽ ചില പർവ്വതങ്ങൾ നമ്മെ പലതും ഓർമ്മിപ്പിക്കുന്നു, പഠിപ്പിക്കുന്നു. നിയോഗത്തിന്റെ പൂർത്തീകരണം സാദ്ധ്യമാകുന്നത് മലയുടെ മണ്ണിലാണ്.

ഒരു ശിഷ്യൻ ഗുരുവിനോട് എന്താണ് വിവേകവും വെളിപാടും തമ്മിലുള്ള വ്യത്യാസം. ഗുരു പറയുന്നു "ഒരാൾ ഇരുണ്ട വഴിയിലേക്ക് ഇറങ്ങി നടക്കുമ്പോൾ വിളക്ക് കൈവശം എടുത്താൽ അവന് വിവേകമുണ്ട്. എന്നാൽ വെളിപാട് കിട്ടികഴിയുമ്പോൾ വിളക്ക് വേണ്ട സ്വയം പ്രകാശിക്കുമവൻ. ക്രിസ്തു അരുളിച്ചെയ്തു "ഞാൻ ലോകത്തിന്റെ വെളിച്ചം" അതിന്റെ പ്രതിദ്ധ്വനി "നിങ്ങൾ ലോകത്തിന്റെ വെളിച്ചം"ക്രിസ്തുവാകുന്ന വെളിച്ചത്തിന്റെ നിഴൽ, പരുമല കൊച്ചുതിരുമേനി – ലോകത്തിന്റെ പ്രകാശം, ഭാരതമണ്ണിന്റെ പ്രകാശം,മലങ്കര സഭയുടെ പ്രകാശം.

മുറിവുകളാണ് പരിശുദ്ധ പിതാവിനെ ഈ മലയിൽ ആശ്ലേഷിച്ചത്. സ്വയം വേദനകൾ കടിച്ചമർത്തി ആത്മപരിത്യാഗത്തിന്റെ കാൽവരി ഗിരിയുടെ സാന്നിദ്ധ്യം പ്രകാശത്തിലേക്ക് നയിച്ചു. ആത്മസമർപ്പണത്തിന്റെ ദിനങ്ങളായിരുന്നു "മുറിവുകളുടെ മല" പരിശുദ്ധന് നൽകിയത്."കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷമയ്ക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾ വിൻ. സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്നു പുകഴ്ത്തുന്നു. (യാക്കോബ് 5 : 10, 11)"

ഈ മല വിശുദ്ധന് സമ്മാനിച്ച മുറിവുകൾ സാധാരണതയിൽ നിന്ന് അസാധാരണതയിലേക്കുള്ള ഉന്നതി. അത് മഹത്വത്തിന്റെ രൂപാന്തരീകരണത്തിന്റെ ഉന്നതിയായിരുന്നു. ചിന്തകൻ കുറിച്ചതുപോലെ "നസ്രത്തിലെ യേശുവിൽ നിന്ന് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിലേക്കുള്ള ദൂരം 5 മുറിവുകളാണ്."വിശുദ്ധൻ അനുഭവിച്ച വേദനകൾ സുരക്ഷിതത്വത്തെ ഭേദിച്ച് രൂപാന്തത്തിന്റെ വ്യഥ എന്ന ബോദ്ധ്യതയിലേക്കുള്ള വളർച്ച.

"സഹദേന്മാരേ നിങ്ങൾ കിരീടം പ്രാപിക്കയും പിതാവ് നിങ്ങളുടെ പേരുകളെ എഴുതുകയും പുത്രൻ നിങ്ങൾക്ക് കിരീടങ്ങളെ ഒരുക്കുകയും നിങ്ങളെ മഹത്വത്തിന്റെ നിലയങ്കി ധരിപ്പിക്കുവാൻ പരിശുദ്ധാത്മാവ് വന്നിരിക്കുന്നുവെന്നും നിങ്ങൾ സ്വർഗ്ഗീയ മണവാളനോടൊപ്പം മണവറയിൽ പ്രവേശിക്കുമെന്നും ഒരു മാതാവ് തന്റെ മക്കൾക്ക് ധൈര്യം നൽകുന്നതുപോലെ പരിശുദ്ധാത്മാവ് ധൈര്യം നൽകും." (പാമ്പാക്കുട നമസ്ക്കാരം, സഹദേന്മാരുടെ പെരുന്നാൾ) പരിശുദ്ധാത്മാവിന്റെ അഭിഷേകം മുറിവുകളെ മലയുടെ മണ്ണിൽ സ്ഫുടം ചെയ്ത് കർത്താവിന്റെ മടിയിലേക്ക് നയിച്ചു.

ഈ ഗിരി മദ്ധ്യസ്ഥപ്രാർത്ഥനയുടെ പുണ്യ ഭൂമിയായിരുന്നു. "ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിക്കുവിൻ നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5 : 16 B) ആത്മസമർപ്പണത്തിന്റെ നി യോഗമലയിൽ ലോകം ഉറങ്ങിയപ്പോൾ തനിച്ചിരുന്ന് മദ്ധ്യസ്ഥത അണച്ചു. പരുമലയെ പ്രാർത്ഥനയുടെ ഒലിവ് മലയാക്കി മാറ്റുവാൻ താപസ്സന് സാധിച്ചു. ഒരേ സമയം ദൈവത്തിങ്കലേക്കും മനുഷ്യനിലേക്കും നോക്കുവാനുള്ള തീഷ്ണത ആ മുഖത്ത് ദർശിക്കുവാൻ കഴിയുന്നു. തന്റെ സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു (ഇയ്യോബ് 42:10). മഹാപരിശുദ്ധന്റെ മുഖചൈതന്യം സർവ്വശക്തനായ ദൈവം നൽകിയ ആദരവ് അത് മദ്ധ്യസ്ഥതയുടെ സാദ്ധ്യത.

"ഭംഗ്യാ ദൈവസുതാ! നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭ ഏകേണമെ."

ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യൻ തന്റെ നിശ്ചയപൂർത്തീകരണത്തിനായി തെരഞ്ഞെടുത്ത മണ്ണ് പരുമല. ഈ മണ്ണ് വിശുദ്ധന്റെ സാന്നിദ്ധ്യത്താൽ മുറിവുകളുടെ കാൽവറി മലയായും രൂപാന്തരത്തിന്റെ താബോർ മലയായും മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഒലിവ് മലയായും മാറിയപ്പോൾ ദൈവത്തിന്റെ പദ്ധതികൾ പൂവണിഞ്ഞു. ഇത് ശിഷ്യന്റെ ആത്മസമർപ്പണത്തിന്റെ പൂർത്തീകരണം.

ഒ.സി.വൈ.എം.
മലബാർ
ഭദ്രാസന
വാർഷിക
സമ്മേളനം



# ഇരുളിൽ ദ്യുതി പകർന്ന മഹാപരിശുദ്ധൻ



**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

ധന്യമായ ജീവിതംകൊണ്ടും അനന്യസാധാരണമായ ആത്മീയസിദ്ധി വൈശിഷ്ട്യങ്ങൾക്കൊണ്ടും സമസ്ത ജനങ്ങൾക്കും സമാരാധ്യനായി ജീവിച്ച് സാമൂഹികവും വിദ്യാഭ്യാസ പരവും ആത്മീയവുമായ എല്ലാ രംഗങ്ങളിലും വിപ്ലവകരമായ പരിവർത്തനങ്ങൾക്ക് വിത്തുപാകിയ മഹാപരിശുദ്ധനായിരുന്നു പരിശുദ്ധ പരുമല കൊച്ചു തിരുമേനി എന്ന് അറിയപ്പെട്ട അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത. ഇരുപതാം നൂറ്റാണ്ടിലെ കേരളം ലോകത്തിന് നൽകിയ അതുല്യനായ ആത്മികാചാര്യനും ദാർശനിക ഗുരുവും, തപചര്യകൾ, ഉപവാസം, വ്രതാനുഷ്ഠാനം എന്നിവ നിഷ്ഠാപൂർവ്വം സാധന ചെയ്ത് സംശുദ്ധ ജീവിതം നയിച്ച് ഇരുളിൽ ദ്യുതി പകർന്ന പുണ്യതാപസ ജ്യോതിസ് ആയിരുന്നു പരിശുദ്ധനായ പരുമല തിരുമേനി. ആത്മീയതയിലൂടെ പരമാത്മ ചൈതന്യത്തെ ദർശിച്ച് അത് സമൂഹത്തിന് പങ്കുവെച്ച സന്യാസവര്യൻ. ജീവിത വിശുദ്ധി, പ്രാർത്ഥന, മനുഷ്യസ്നേഹം എന്നീ വേരുകളിൽ ഉറച്ചു നിൽക്കുന്ന പൗരസ്ത്യ പാരമ്പര്യം എന്ന ആദ്ധ്യാത്മിക സംസ്കൃതിയുടെ തെളിവാർത്ത ജീവിത ശൈലിയായിരുന്നു ആ പരിശുദ്ധന്റേത്. ദേശീയ സംസ്കാരത്തിന്റെ വളകൂറുള്ള മണ്ണിൽ വിശുദ്ധ വേദത്തിലെ വചനങ്ങൾക്ക് നവമാനം നൽകി ജനത്തിനു പകർന്ന് കൊടുത്തു. നിരന്തരമായ പ്രാർത്ഥനയീലൂടെ ദൈവത്തോട് സംസർഗ്ഗം ചെയ്ത് ദൈവസ്വരം കേൾക്കുകയും തന്റെ ദിവ്യ വെളിപ്പാടുകളെ ലോകത്തിന് പകർന്ന് നൽകുകയും ചെയ്തു.

ജാതി സമ്പ്രദായവും അയിത്തവും മനുഷ്യന്റെ സഞ്ചാര സ്വാതന്ത്ര്യത്തെപ്പോലും തടഞ്ഞിരുന്ന കേരളത്തിലെ ഇരുളടഞ്ഞ ഒരു കാലഘട്ടത്തിൽ വിദ്യയിലൂടെ വെളിച്ചം പകർന്ന് യാഥാസ്ഥിതികമായ കെട്ടുപാടുകളിൽ നിന്ന് മോചനം നേടിയെടുക്കുവാൻ ജാതി, മത വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ മനുഷ്യനെ പ്രാപ്തനാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ എതിരായി ജനങ്ങളെ ബോധവൽകരിക്കാനും, അതിനെതിരായി അവരെ സജ്ജരാക്കുവാനും തിരുമേനി മുൻകൈയെടുത്ത് പ്രവർത്തിച്ചു.

വരേണ്യവർഗ്ഗം കീഴാളർക്ക് വിദ്യാഭ്യാസം നിഷേധിച്ചപ്പോൾ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിനും സഭയ്ക്കും വ്യക്തികൾക്കുമുണ്ടാകുന്ന സമൂലവും ഗുണപരവുമായ മാറ്റങ്ങൾ മുന്നിൽക്കണ്ട് അനേകം വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹം മുൻകൈ എടുത്ത് പ്രവർത്തിച്ചു. ഇങ്ങനെ കേരളത്തിന്റെ സാമൂഹിക നവോത്ഥാന പ്രക്രിയയിൽ വിപ്ലവകരമായ പരിവർത്തനത്തിന് തിരുമേനി അടിത്തറയിട്ടു.

ഊർശലേം യാത്രയ്ക്കുശേഷം പരുമലയിൽ തിരിച്ചെത്തിയ തിരുമേനി തന്റെ മുമ്പിൽ കൂടിയ ജനസഞ്ചയത്തോട് ഇങ്ങനെ പറഞ്ഞു. "ഈ നാട്ടിൽ ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല, മറ്റ് മതക്കാരുടെ ഇടയിലും ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നത് സുവിശേഷ പ്രചാരണത്തിന് ഉത്തമമായ മാർഗ്ഗമാണ്. ദൈവാനുഗ്രഹം സിദ്ധിച്ചിട്ടുള്ള മഹാത്മർ ഇംഗ്ലീഷിൽ എഴുതിയ പുസ്തകങ്ങൾ ആയിരിക്കുമല്ലോ വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നത്. ആ മഹാന്മാർ ക്രിസ്ത്യാനികളാണല്ലോ. അവരുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ യഥാർത്ഥമായ ക്രിസ്തീയ തത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നാതിരിക്കുന്നതെങ്ങനെ?"

വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മാറ്റമെന്ന ലക്ഷ്യത്തോടൊപ്പം ക്രൈസ്തവ മൂല്യങ്ങളുടെ പ്രചാരണം, അതിലൂടെ സുവിശേഷീകരണം എന്ന ഉദാത്തമായ ലക്ഷ്യവും ദർശനവും തിരുമേനിയുടെ ജീവിതത്തിൽ ഉണ്ടായിരുന്നു. വിദ്യാഭ്യാസം ആദർശനിഷ്ഠമായിരിക്കണം എന്നും അത് അമൂല്യ ധനമാണെന്നും തിരുമേനി പഠിപ്പിച്ചു. ഇങ്ങനെ തന്റെ താപസ ജീവിതം ബഹുമുഖങ്ങളായ കർമ്മപഥങ്ങളിൽ സഞ്ചരിക്കുവാൻ പരിശുദ്ധ പരുമല തിരുമേനിക്ക് സാധിച്ചിട്ടുണ്ട്.കഠിനമായ തപചര്യയിലൂടെയും വ്രതാനുഷ്ഠാനങ്ങളിലൂടെയും മാത്രമല്ല, നിരന്തരം യാത്ര ചെയ്ത് ഭക്തകോടികളെ സമാശ്വസിപ്പിക്കുവാൻ സ്വജീവിതം ഉഴിഞ്ഞുവെച്ച ആ പുണ്യവാന്റെ നിത്യസ്മൃതി നിലകൊള്ളുന്ന പുണ്യഭൂമിയായ പരുമല, അനേകരുടെ ദുഃഖങ്ങളുടെയും ദുരിതങ്ങളുടെയും കെട്ടഴിച്ചു വയ്ക്കുവാനുള്ള ഇടമായി മാറിയിട്ടുണ്ട്.

ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത, ലൗകീക ജീവിത പ്രാരാബ്ധങ്ങളിൽ നിന്നുള്ള വിമോചനത്തിനു മാത്രമല്ല, അദ്ദേഹം സ്വജീവിതംകൊണ്ട് തെളിച്ച ജീവിതപഥത്തിലൂടെ സഞ്ചരിക്കുവാനും നമുക്ക് പ്രാപ്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

# ദുഃഖങ്ങൾ സാരമില്ല



**ജോൺ എം. ചാണ്ടി** (കോട്ടയം)

ജീവിതയാത്രയിൽ നമ്മുടെ കൂടപ്പിറപ്പുകളാണ് സന്തോഷവും ദുഃഖവും. ഇവരില്ലാത്ത നമ്മുടെ ജീവിതം അപൂർണമാണ്. എന്നാൽ സന്തോഷം എപ്പോഴും കൂടെ വേണമെന്ന് ആഗ്രഹിക്കുകയും ദുഃഖത്തെ ശത്രുവെന്നോണം സമീപിക്കുകയുമാണ് നമ്മൾ ചെയ്യാറുള്ളത്. ദുഃഖങ്ങളെ ആട്ടിപ്പായിക്കാനുള്ള വെമ്പലാണ് അമിത വാൽസല്യത്തോടെ സന്തോഷങ്ങളെ സ്വീകരിക്കാൻ നമ്മളെ പ്രേരിപ്പിക്കുന്നത്.

സന്തോഷങ്ങളുടെയും ദുഃഖങ്ങളുടെയും സമ്മേളനമാണ് ജീവിതം. ഇവ പരസ്പരപൂരകങ്ങളാണ്. ജീവിതകാലയളവിൽ നേരിടേണ്ടിവരുന്ന ദുഃഖകരമായ അനുഭവങ്ങൾക്കിടയിൽ നമ്മൾക്കുമേൽ ഇടയ്ക്കിടെ പെയ്തിറങ്ങുന്ന കുളിർമഴയാണ് സന്തോഷം. അതേപോലെ, സന്തോഷം മാത്രമല്ല ജീവിതം എന്ന് ഓർമ്മപ്പെടുത്തി നമ്മൾക്കിടയിലേക്ക് സമയാസമയങ്ങളിൽ ദുഃഖങ്ങളും ഓടിയെത്തും. ജീവിതത്തെ കുറിച്ചു സംസാരിക്കുമ്പോൾ ദുഃഖങ്ങളെക്കുറിച്ചാവും നമ്മൾക്കു പറയാനേറെയുള്ളത്.

ജീവിതത്തിൽ ഉയർച്ച ഉണ്ടാകുന്നില്ലെന്നതാണ് പലരുടെയും പ്രധാന ദുഃഖം. നല്ല ജോലി കിട്ടുന്നില്ല. പണമില്ല, പുതിയ വീടു വയ്ക്കാൻ സാധിക്കുന്നില്ല തുടങ്ങിയ നിരവധി കാര്യങ്ങളാവാം ഓരോരുത്തർക്കും പറയാനുള്ളത്. ഇവയൊന്നുമില്ലെന്നു പറയുമ്പോഴും കുറവില്ലാതെ നമ്മുടെ കാര്യങ്ങൾ നടക്കുന്നുണ്ടോയെന്നു ചിന്തിക്കുക. ഒരു നേരത്തെ ഭക്ഷണത്തിനുപോലും മറ്റുള്ളവരോട് യാചിക്കേണ്ടി വരുന്നവരും, അന്തിയുറങ്ങാൻ വീടില്ലാതെ വഴിവക്കിലും മറ്റും കിടന്നുറങ്ങേണ്ടിവരുന്നവരുമെല്ലാം അനവധിയുള്ള ഈ സമൂഹത്തിൽ എത്ര ഭാഗ്യം ചെയ്തവരാണ് നമ്മൾ. ഉള്ളതൊക്കെ മറന്നുകൊണ്ടാണ് ലഭിക്കാത്തതിനെക്കുറിച്ച് നമ്മൾ വാചാലരാകുന്നത്. പണമാണ് ജീവിതത്തിന്റെ അടിസ്ഥാനം എന്നു ചിന്തിക്കുന്നവരാണ് നമ്മളിൽ പലരും. പണവും സ്വാധീനവുമുണ്ടെങ്കിൽ ജീവിതത്തിൽ ദുഃഖങ്ങൾ എല്ലാവരുടെയും ജീവിത്തിന്റെ ഭാഗമാണ്. ജീവിക്കാൻ പണം ആവശ്യമാണ്. എന്നാൽ പണമല്ലേ എല്ലാം എന്ന യാഥാർത്ഥ്യവും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

രോഗങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും നമ്മളെ ദുഃഖിതരാക്കുന്നു. ഇന്ന് ഏറ്റവുമധികം കാണപ്പെടുന്ന രോഗങ്ങൾക്ക് അറിഞ്ഞോ അറിയാതെയോ നമ്മൾ തന്നെയാണ് കാരണക്കാർ. പ്രകൃതിയോടു നമ്മൾ കാട്ടിയ ക്രൂരതയുടെ പ്രതിഫലനമാണ് ഇന്നു നമ്മളെ വേട്ടയാടുന്ന രോഗങ്ങളിൽ പലതും. ശ്വസിക്കുന്നതും ഭക്ഷിക്കുന്നതുമെല്ലാം വിഷമയമായതോടെ പുതിയ പുതിയ രോഗങ്ങൾ നമ്മളെ തേടിയെത്തിത്തുടങ്ങി. തക്കാളിപനി, വൈറൽപനി, കരിമ്പനി, പക്ഷിപനി, ഡെങ്കിപനി... എന്നിങ്ങനെ പനി തന്നെ പല തരമാണ്. അർബുദം ബാധിക്കുന്നവരുടെ എണ്ണം ഭയാനകമായ തോതിൽ വർധിച്ചിട്ടും പ്രതിവിധിയെക്കുറിച്ചു നമ്മളാരും ചിന്തിക്കുന്നേയില്ല, പകരം രോഗം ബാധിച്ചു വരുന്നവർക്ക് ചികിത്സയൊരുക്കാൻ ആശുപത്രികൾ കെട്ടിപ്പൊക്കാനാണ് ഉത്സാഹം. പുകവലിയും മദ്യപാനവും രോഗങ്ങൾ സമ്മാനിക്കുമെന്നു വിസ്മരിക്കേണ്ട. വരുത്തിവച്ച രോഗങ്ങളെയോർത്ത് ദുഃഖിച്ചിരിക്കാതെ പ്രതിരോധിക്കാനുള്ള മാർഗങ്ങളിലേക്ക് ഇനിയെങ്കിലും കടന്നില്ലെങ്കിൽ വലിയ വിപത്താണ് നമ്മളെ കാത്തിരിക്കുന്നത്.

മക്കൾ അവഗണിക്കുന്നുവെന്ന് ദുഃഖിക്കുന്ന അനേകം മാതാപിതാക്കൾ നമ്മൾക്കിടയിലുണ്ട്. മക്കൾ വഴിപിഴച്ചു നടക്കുന്നുവെന്ന് ദുഃഖിക്കുന്നവരുമുണ്ട്. നമ്മൾ മാതാപിതാക്കളോടും ചെയ്യുന്നതാണ്, നമ്മുടെ മക്കൾ നമ്മളോട് ചെയ്യുക എന്ന് പഴമക്കാർ പറയാറുണ്ട്. ജന്മം നൽകുകയും എത്ര കഷ്ടപ്പെട്ടും നമ്മൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകി വളർത്തി വലുതാക്കുകയും ചെയ്ത മാതാപിതാക്കളെ അവഗണിക്കുമ്പോൾ ഓർക്കുക, നാളം നമ്മൾക്കും ഇതേ അനുഭവം ഉണ്ടായേക്കാം. അതേപോലെ, മക്കൾ വഴിപിഴച്ചു നടക്കുന്നുവെന്ന് പരാതിപറയുംമുൻപ് നമ്മൾ അവർക്ക് എന്തു മാതൃകയാണ് കാട്ടിക്കൊടുത്തതെന്ന് ചിന്തിക്കുക. മക്കൾ വഴിപിഴച്ചവരാകാൻ കാരണം അവരുടെയെല്ലാം മാതാപിതാക്കൾ തെറ്റായ മാതൃക കാട്ടിക്കൊടുത്തതിനാലാണെന്ന് പറയാനാവില്ല. എന്നാൽ മദ്യപിച്ച് വീട്ടിൽ വന്ന് ബഹളം വയ്ക്കുകയും മോശം വാക്കുകൾ പറയുകയും കുടുംബാംഗങ്ങളെ തല്ലുകയും മറ്റും ചെയ്തിട്ടുള്ള വ്യക്തി, മകൻ മദ്യപാനിയാണെന്നു പറഞ്ഞ് ദുഃഖിക്കുന്നതിൽ എന്ത് അർഥമാണുള്ളത്?

ദുഃഖങ്ങളെയും പരാജയങ്ങളെയും നേരിടാൻ മനസിനു കരുത്തില്ലാത്തവരുടെ എണ്ണം സമൂഹത്തിൽ വർധിച്ചുവരികയാണ്. മാതാപിതാക്കൾ അമിതവാൽസല്യത്തോടെ വളർത്തുന്ന കുട്ടികൾ, പിന്നീട് നിരാശയുടെ ചെറിയ കണികപോലും അനുഭവിക്കേണ്ടി വരുമ്പോൾ ആദ്യം ചിന്തിക്കുന്നത് ആത്മഹത്യയെക്കുറിച്ചാണ്. മാതാപിതാക്കൾ വഴക്കുപറഞ്ഞതിനും പരീക്ഷയിൽ തോറ്റതിനും മറ്റും ആത്മഹത്യ ചെയ്ത കുട്ടികളെയും യുവാക്കളെയും കുറിച്ച് നമ്മൾ ഇടയ്ക്കിടെ കേൾക്കാറുണ്ട്. ഇതു പേടിച്ച് കുട്ടികളുടെ അനാവശ്യ ശാഠ്യങ്ങൾക്കു മുന്നിൽ തോറ്റുകൊടുക്കുന്ന മാതാപിതാക്കളുടെ എണ്ണവും ഏറിവരികയാണ്. എന്നാൽ ഇങ്ങനെയുള്ള കുട്ടികൾ വളർന്ന് യഥാർത്ഥ ജീവിതത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ തളർന്നുപോകുന്നു.

നേരിടേണ്ടിവരുന്ന നിസാര പരീക്ഷണങ്ങളെ പോലും പർവതീകരിച്ചു കാണാൻ ശ്രമിക്കുന്നതും അന്യന്റെ ദുരിതങ്ങൾക്കു നേരെ കണ്ണടയ്ക്കുന്നതുമാണ് നമ്മൾ നേരിടുന്ന പ്രധാന ന്യൂനത. മറ്റുള്ളവരുടെ സന്തോഷങ്ങളിൽ പങ്കുചേരാൻ താൽപര്യം കാട്ടുന്ന നമ്മൾ, പക്ഷേ, ദുഃഖങ്ങളിൽ അവർക്കൊപ്പമുണ്ടാവാൻ ഹൃദയവിശാലത കാട്ടാറില്ല. സഹജീവി ദുഃഖിക്കുമ്പോൾ അവരെ കൂടെനിർത്തി ആശ്വാസം പകരാൻ നമ്മൾക്കു സാധിക്കണം.

സന്തോഷങ്ങളെ അതിരുകവിഞ്ഞ് സ്വീകരിക്കാതിരിക്കുകയും ദുഃഖങ്ങളെ മനസാന്നിധ്യത്തോടെ നേരിടുകയും ചെയ്യുമ്പോഴാണ് ജീവിതത്തെ യഥാർത്ഥ രൂപത്തിൽ അനുഭവിക്കാൻ സാധിക്കുന്നത്. സന്തോഷവും ദുഃഖവും ഒന്നിനു പിന്നാലെ ഒന്നായി നമ്മൾക്കൊപ്പമുണ്ടാകും. ഇതു തിരിച്ചറിഞ്ഞ് ജീവിതത്തെ അഭിമുഖീകരിച്ചാൽ, ജീവിതം കൂടുതൽ അസ്വാദ്യകരമാവും.

# വാർത്തകൾ

## അഖണ്ഡ പ്രാർത്ഥന



പരുമല: പരുമല പെരുന്നാളിനോടനുബന്ധിച്ച് ഒ.സി.വൈ.എം. കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അഖണ്ഡ പ്രാർത്ഥന (144 മണിക്കൂർ) ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കേന്ദ്ര സെക്രട്ടറി ഫാ. പി. വൈ. ജസൻ, സെമിനാരി മാനേജർ ഫാ. എം. സി. കുറിയാക്കോസ്, അസി. മാനേജർ വന്ദ്യ കെ.വി. ജോസഫ് റമ്പാൻ, കേന്ദ്ര ട്രഷറാർ പ്രിനു ടി. മാത്യൂസ്, നിയുക്ത ട്രഷറാർ ജോജി പി. തോമസ്, മേഖല സെക്രട്ടറി ജോബിൻ കെ. ജോർജ്, വിവിധ ഭദ്രാസന ഭാരവാഹികളായ ഫാ. വർഗിസ് ഏബ്രഹാം, മത്തായി ടി. വർഗീസ്, പ്രവീൺ ജേക്കബ്, അനിൽ ഇ.റ്റി.സി., നിബിൽ ബാബു, അനൂപ് വർഗീസ്, എബി ഏബ്രഹാം കോശി, അനീഷ് കോശി സഖറിയ എന്നിവർ സന്നിഹിതരായിരുന്നു.

## യുവജനപ്രസ്ഥാനം കേന്ദ്ര അസംബ്ലി



കോട്ടയം: ഒ.സി.വൈ.എം. കേന്ദ്ര അസംബ്ലി ദേവലോകം അരമനയിൽ ഒക്ടോബർ 10 ന് നടന്നു. കേന്ദ്ര പ്രസിഡന്റ് യൂഹാനോൻ മാർ പോളികർപ്പോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഫാ. പി. വൈ. ജസൻ, വൈസ് പ്രസിഡന്റ് ഫാ. മാത്യൂസ് ടി. ജോൺ, ട്രഷറാർ പ്രിനു ടി. മാത്യൂസ്, നിലയ്ക്കൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. യൂഹാനോൻ ജോൺ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ഫാ. ഫിലിപ്പ് തരകൻ തേവലക്കര (കൊല്ലം ഭദ്രാസനം) വൈസ് പ്രസിഡന്റായും, ജോജി പി. തോമസ് (നിരണം ഭദ്രാസനം) ട്രഷറാറായും, യുവജനം മാസിക എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി എബി ഏബ്രഹാം കോശി, അനീഷ് കോശി സഖറിയ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. അഡ്വ. ജെയ്സി കരിങ്ങാട്ടിൽ റിട്ടേണിംഗ് ഓഫീസറായിരുന്നു.

## സ്നേഹ സാഹോദര്യ ജ്വാല



പത്തനാപുരം: ഒ.സി.വൈ.എം. കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ സ്നേഹ സാഹോദര്യ ജ്വാല പത്തനാപുരത്ത് നടന്നു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. പി. വൈ. ജസൻ അദ്ധ്യക്ഷത വഹിച്ചു. സഖറിയ മാർ അപ്രേം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഡോ. ബഷീർ മുഖപ്രഭാഷണം നടത്തി. ഫാ. ടിജു തോമസ്, ഫാ. തമ്പി വർഗ്ഗീസ്, ജോജി പി. തോമസ്, ബെന്നി കക്കാട്, ഷിബു ജി, ലാൻസി കോരുത് തരകൻ എന്നിവർ പ്രസംഗിച്ചു.

# യുവജനവാരം ഉദ്ഘാടനം



കോട്ടയം : മാനുഷിക മൂല്യബോധങ്ങളുടെ സംരക്ഷകരായിത്തീരണം യുവാക്കൾ എന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. ഒ.സി.വൈ.എം. യുവജനവാരം കേന്ദ്ര ഉദ്ഘാടനം മുളകുളം കാർമേൽകുന്ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര പ്രസിഡന്റ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഫാ.പി. വൈ. ജസൻ, ഫാ. ജോമോൻ ചെറിയാൻ, ഫാ. ജോൺ വർഗീസ്, ജോജി പി. തോമസ്, ഗിവിസ് മർക്കോസ് എന്നിവർ പ്രസംഗിച്ചു.

# യുവജനവാരം സമാപനം



ചുനക്കര: ഒ.സി.വൈ.എം. അഖില മലങ്കര യുവജനവാരാഘോഷത്തിന്റെ സമാപനം ചുനക്കര മാർ ബസേലിയോസ് ഗ്രീഗോറിയോസ് പള്ളിയിൽ നടന്നു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. പി. വൈ. ജസൻ അദ്ധ്യക്ഷത വഹിച്ചു. മുന്നോക്ക വികസന ബോർഡ് ചെയർമാൻ പ്രയാർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. കോശി മാത്യു, ഫാ. ബെഞ്ചമിൻ, അനിൽ ഇ. റ്റി. സി., ഭദ്രാസന ട്രഷറാർ മനു തമ്പാൻ, കേന്ദ്ര സമിതി അംഗം സാംസൺ വൈ. ജോൺ, ഭദ്രാസന സമിതി അംഗങ്ങളായ ലിജു മാത്യു, ജിയാ ജോസഫ്, ട്രസ്റ്റി ബിജു തോമസ് എന്നിവർ പ്രസംഗിച്ചു.

# സേവന പ്രവർത്തനങ്ങളിലൂടെ സ്നേഹം പകരാൻ യുവസമൂഹം തയ്യാറാകണം : ജിജി തോംസൺ



ചെങ്ങന്നൂർ : സേവന പ്രവർത്തനങ്ങളിലൂടെ ക്രിസ്തു സ്നേഹം പകർന്നു നൽകാൻ യുവസമൂഹം തയ്യാറാകണമെന്ന് ചീഫ് സെക്രട്ടറി ജിജി തോംസൺ അഭിപ്രായപ്പെട്ടു. ഒ. സി.വൈ.എം.ഭദ്രാസന വാർഷികം ഇടവുങ്കാട് സെന്റ് മേരീസ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഏബ്രഹാം മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. വൈ.എം.സി.എ. ദേശീയ ചെയർമാൻ ലെബി ഫിലിപ്പ് മാത്യു, മാർ അത്താനാസിയോസ് മെഡികെയർ ചികിത്സാ സഹായ വിതരണം നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മാത്യു ഏബ്രഹാം, കേന്ദ്ര ട്രഷറാർ ജോജി പി. തോമസ്, ഭദ്രാസന സെക്രട്ടറി ജോബിൻ കെ. ജോർജ്, സജി പട്ടരുമഠം, ജനറൽ കൺവീനർ നിതിൻ എ ചെറിയാൻ വൈ. തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. മത്തായി ഇടയനാൽ കോർ എപ്പിസ്കോപ്പാ, ഫാ. തോമസ് അമയിൽ, ഫാ. ഡോ. ഫിലിക്സ് യോഹന്നാൻ, എന്നിവർ ക്ലാസ് നയിച്ചു. സമാപന സമ്മേളനം തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. പി. വൈ. ജസൻ, മാവേലിക്കര ഭദ്രാസന സെക്രട്ടറി ഫാ. അജി കെ. തോമസ്, ഡാർവിൻ ജോർജ്, റോബിൻ ജോ വർഗീസ്, ഷീബാ കോശി, സ്നേഹ മറിയം റജി, അനീഷ് കോശി, അനിൽ പി. അച്ചൻകുഞ്ഞ്, സിബി വർഗീസ്, ടിഞ്ചു ശാമുവേൽ എന്നിവർ പ്രസംഗിച്ചു.

# അതിജീവന പദയാത്ര




എടത്വ : ഒ.സി.വൈ.എം. നിരണം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തി ൽ സാമൂഹ്യതിന്മകൾക്കെതിരെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത നേതൃത്വം നൽകിയ അതിജീവന പദയാത്രയിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. പദയാത്ര അഡ്വ. മാത്യു. ടി. തോമസ് എം.എൽ.എ. ഉദ് ഘാടനം ചെയ്തു. ചക്കുളത്തുകാവ് ദേവി ക്ഷേത്രം മുഖ്യകാര്യദർശി രാധാകൃഷ് ണൻ നമ്പൂതിരി, ഫാ. ലിബിൻ ഏബ്രഹാം, ഫാ. കോശി ഏബ്രഹാം, ജേക്കബ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. നീരേറ്റുപുറത്തു നിന്ന് ആരംഭിച്ച പദയാത്ര എടത്വയിൽ സമാപിച്ചു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം, വർദ്ധിച്ചു വരുന്ന അക്രമങ്ങൾ, പരിസ്ഥിതി ധ്വംസനം തുടങ്ങിയവയ്ക്കെതിരെയുള്ള ബോധവത്കരണവുമായിയാണ് യാത്ര സംഘടിപ്പിച്ചത്. പദയാത്ര കടന്നു വന്ന വിവിധ ജംഗ്ഷനുകളിൽ പനയന്നൂർക്കാവ് ക്ഷേത്രം മുഖ്യകാര്യദർശി ആനന്ദൻ നമ്പൂതിരി, ഫാ. ഡോ. കുര്യൻ ഡാനിയേൽ, ഫാ. വർഗീസ് തോമസ് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനം അഭി. തിരുമേനി ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോൺ ചാക്കോ അദ്ധ്യക്ഷത വഹിച്ചു. സഭ മാനേജിംഗ് കമ്മറ്റി അംഗം ഫാ. വർഗീസ് മാത്യു, എടത്വ സെന്റ് ജോർജ് ഫൊറോനാ പള്ളി വികാരി ഫാ. ജോൺ മണക്കുന്നേൽ, ഭദ്രാസന ജനറൽ സെക്രട്ടറി മത്തായി ടി. വർഗീസ്, തോമസ് മണലേൽ, യുവജനം മാസിക ചീഫ് എഡിറ്റർ ജോജി പി. തോമസ്, ഭാരവാഹികളായ മാത്തുള്ള ചാക്കോ, അനൂപ് വർഗീസ്, തോമസ് കോശി, സന്തോഷ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

# ഭദ്രാസന നേതൃത്വ ശില്പശാല



തൃശൂർ: ഒ.സി.വൈ.എം കൊച്ചി ഭദ്രാസന നേതൃത്വ പരിശീലന ശില്പശാല വാണിയമ്പാറ സെന്റ് ജോർജ് പള്ളിയിൽ നടത്തപ്പെട്ടു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ജോൺ ജോർജ് ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ഫാ. സി. എം. രാജു അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡേവിഡ് തങ്കച്ചൻ, യുവജനം മാസിക എഡിറ്റർ ജോജി പി. തോമസ്, ഭദ്രാസന ജനറൽ സെക്രട്ടറി അനൂപ് സഖറിയ, ഭാരവാഹികളായ സാജു ഉമ്മൻ, ഷിജോ ചാക്കോ,. ഷെയ്ക്ക് എ. ജെ, വൈദോ ജോൺ, ഷിനോയ് പി. ചാക്കോ എന്നിവർ പ്രസംഗിച്ചു. ഒ.സി.വൈ.എം. കേന്ദ്രസെക്രട്ടറി പ്രൊഫ. ഡോ. ബിനോയ് ടി. തോമസ് ക്ലാസ് നയിച്ചു.

# ഡോക്ടറേറ്റ് ലഭിച്ചു



കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് എൻവയോൺമെന്റൽ മൈക്രോബയോളജി & ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ സെറിൻ സാറാ ജോൺ. ആലുവ യു.സി. കോളേജ് ബയോടെക്നോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും. കളമശ്ശേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. യുവജനപ്രസ്ഥാനം അങ്കമാലി ഭദ്രാസന സെക്രട്ടറി കോശി ജോണിന്റെ സഹധർമ്മിണിയാണ്.



തിരു. ഗവ: ആയുർവേദ കോളേജ് ശതോത്തര രജത ജൂബിലി ആഘോഷ വേളയിൽ കേളേജിന്റെ ചരിത്രത്തിൽ ഇടം നേടിയ പ്രതിഭകളിൽ ഡോ. ജോബ് തോമസിനെ (AVP) "ആയുഷ് " മുൻ ഡയറക്ടർ ഡോ. മാധവൻ പോന്നാട അണിയിച്ച് ആദരിക്കുന്നു. തിരുവനന്തപുരം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ കത്തീഡ്രൽ ഇടവകാംഗമാണ്.

## മാനവികതയെ പരിപോഷിപ്പിക്കാത്ത സങ്കുചിത മതചിന്ത അപ്രസക്തം

**ഡോ. എം. എസ്. സുനിൽ**



റാന്നി : മാനവികതയെ പരിപോഷിപ്പിക്കാത്ത സങ്കുചിത മതതത്വങ്ങൾ മനുഷ്യ സമൂഹത്തിന് പ്രയോജനം വരുത്തുകയില്ലെന്ന് സാമൂഹ്യപ്രവർത്തക ഡോ. എം. എസ്. സുനിൽ. ചെത്തോങ്കര സെന്റ് തോമസ് ശാലേം പള്ളിയിൽ നടന്ന നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷികസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ. യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. യൂഹാനോൻ ജോൺ അധ്യക്ഷം വഹിച്ച സമ്മേളനം ഭദ്രാസനാധിപൻ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി ഫാ. ഷൈജു കുര്യൻ, ഇടവക വികാരി ഫാ.വർഗീസ് വട്ടമല, ഫാ.ഒ.എം.ശമുവേൽ, ഫാ.ജോബ് എസ്.കുറ്റിക്കണ്ടത്തിൽ, അഡ്വ.അനിൽ വർഗീസ്, അനു വർഗീസ്,ജീൻ ഫിലിപ്പ് സജി, മിന്റാ മറിയം വർഗീസ്, അഡ്വ. നോബിൻ അലക്സ് അഡ്വ. ബോബി കാക്കാനപ്പള്ളിൽ, ജോമി ഫിലിപ്പ് ജോസഫ്, അനുജ ബെന്നി, തുടങ്ങിയവർ പ്രസംഗിച്ചു. "ഓർത്തഡോക്സ് യുവജനങ്ങളും സമകാലീന വെല്ലുവിളികളും ചോദ്യങ്ങളും" എന്ന വിഷയത്തിൽ നടന്ന ചർച്ചാ സമ്മേളനത്തിന് ഫാ. തോമസ് അമയിൽ നേതൃത്വം നൽകി.

## പുതിയ സാരഥികൾ

### ഫാ. ഫിലിപ്പ് തരകൻ
(കേന്ദ്ര വൈസ് പ്രസിഡന്റ്)

തേവലക്കര മർത്തമറിയം ഓർത്തഡോക്സ് (മാർ ആബോ പിൽഗ്രിം സെന്റർ) ഇടവകാംഗമാണ്. മൈനാഗപള്ളി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക വികാരിയായും, പൗരസ്ത്യ നാദം ചീഫ് എഡിറ്ററായും സേവനം അനുഷ്ഠിക്കുന്നു.

### ജോജി പി. തോമസ്
(കേന്ദ്ര ട്രഷറാർ)

തിരുവല്ല കട്ടപ്പുറം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകാംഗം. ഓർത്തഡോക്സ് യുവജനം മാസിക ചീഫ് എഡിറ്റർ, നിരണം ഭദ്രാസന മേഖല സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. വൈ.എം.സി.എ. മുൻ സംസ്ഥാന വൈസ് ചെയർമാൻ, വൈ.എം.സി.എ. യൂത്ത് ഫോറം സംസ്ഥാന ചെയർമാൻ, യൂണി-വൈ സംസ്ഥാന ചെയർമാൻ, കേരള കൗൺസിൽ ഓഫ് ചർച്ചസ് യൂത്ത് കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

### ഏബ്രഹാം പി. കോശി
(യുവജനം മാസിക എഡിറ്റോറിയൽ ബോർഡ് അംഗം)

കാർത്തികപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം. ഒ.സി.വൈ.എം. മുൻ ഭദ്രാസന സമിതി അംഗവും നിലവിൽ വൈ.എം.സി.എ. യൂത്ത് ഫോറം സംസ്ഥാന വൈസ് ചെയർമാനുമാണ്.

### അനീഷ് കോശി സഖറിയ
(യുവജനം മാസിക എഡിറ്റോറിയൽ ബോർഡ് അംഗം)

മാരാമൺ മർത്തമറിയം പഴയ സുറിയാനി ഇടവകാംഗം. നിലവിൽ ഒ.സി.വൈ.എം. പുത്തൻകാവ് ഡിസ്ട്രിക്റ്റ് ഓർഗനൈസർ ആണ്.

**കവിത**

## സഹോദരി മിരിയാം

മിരിയാം തൻ ബുദ്ധി വൈഭവത്താൽ
മരണത്താൽ പെട്ടങ്ങു വീണില്ല മോശ
മെനഞ്ഞെടുത്ത കഥയാലെ രക്ഷിച്ചു
മനസ്സു നിറഞ്ഞു മനതാരു തെളിഞ്ഞു
മുലയൂട്ടാൻ കിട്ടിയ മകനെ കണ്ടാറേ
മോശയും അഹറോനും സഹോദരി മിരിയാം
മുഖ്യമാം സ്ഥാനത്തിനായി കൊതിച്ചു
മോഹത്താൽ പെട്ടവൾ അസൂയയ്ക്കടിമയായ്
മുരട്ടു ശീലത്താൽ മോശ തൻ അരികെ
മൂഢത കാട്ടി കോപ വിവശയായി
മിരിയാമിൻ മനസ്സറിഞ്ഞ് ദൈവമോതി
മാറത്തണച്ചു ചേർത്തിടും എൻ ദാസനെ
മുഖ്യനായ്ത്തീർത്തിടും ഞാൻ
എൻ ഭവനത്തിൽ
മുൻ കോപം നീക്കാതെ മൂടുപടമണിഞ്ഞ്
മുന്നേ നയിച്ചു യിസ്രായേൽ ജാതിയെ
മാസത്തിലൊന്നിൽ സീൻ മരുഭൂമിയിൽ
മരണത്തെ വരിച്ചു കുഷ്ഠത്തിൻ രൂപത്തിൽ
മിര്യാമിനനുവാദമില്ലാതെ പോയി
മനസ്സാ വരിച്ച കനാൻ കാണാൻ
മനുഷ്യൻ മുൻ കുറി കാണും കാര്യങ്ങൾ
മനസ്സാലെ കാണുന്ന ദൈവപുത്രൻ
മനസ്സലിഞ്ഞെങ്കിൽ മാത്രമേ കാണൂ
മനസ്സാ വരിച്ച സ്വപ്നങ്ങളോരോന്നും

**മഞ്ജു ജോസ്, കണ്ണാറ**




നിങ്ങളുടെ സ്വപ്നങ്ങൾ ഞങ്ങൾ സാക്ഷാത്കരിക്കാം

# ട്രാവൻകൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

Affiliated to AITES/KEC. Reg. No. 109 / 93

**NCVT TESTING CENTRE**

Approved by ISTD New Delhi,Certificate Issued by NCVT Govt.of India

**സ്റ്റോർ ജംഗ്ഷൻ, മാന്നാർ**

e mail: travantech@gmail.com

**0479 2131027,09847756890,8606815158,9605282175**

*Branch:*

E & E TOWERS, LIONS CLUB ROAD, NELCOS JUNCTION , THODUPUZHA - MOB: 9895030644

വാസ്തു പ്രകാരമുള്ള പ്ലാനുകൾ ബിൽഡിംഗ് കൺസ്ട്രക്ഷൻ
ഇന്റീരിയർ വർക്കുകൾ എന്നിവ ഒരു കുടക്കീഴിൽ

Engineers | Consultants | Contractors



# ST.SIMON BUILDERS

**Merry Land Building,**
**Pathanamthitta- 689645**
email: st.simonbuilders@gmail.com
**Ph: 04682 228663 (O), 2334039 (R) Mob: 9447075850, 9446354039**

## ഇലതീനിപ്പുഴുക്കൾക്കെതിരെ അബ്ടെക് ബിറ്റികെ ഇപ്പോൾ വിപണിയിൽ

Btk
*Bacillus thuringiensis serovar kurstaki.*



**പച്ചക്കറി വിളകൾ, പൂച്ചെടികൾ, പഴവർഗ്ഗങ്ങൾ, നെല്ല് മുതലായവയുടെ ഇലകളും, പൂക്കളും, കായ്കളും മറ്റും തിന്നു നശിപ്പിക്കുന്ന ശലഭപ്പുഴുക്കളെ നിയന്ത്രിയ്ക്കാൻ അത്യുത്തമം**

*ബി.റ്റി.കെ മറ്റൊരു ജീവജാലങ്ങൾക്കും ഭീഷണിയല്ല. തികച്ചും പരിസ്ഥിതി സൗഹൃദമാണ്.*

abtec
the organic people



നൂതന ജൈവകീടനാശിനിയായ അബ്ടെക് ബിറ്റികെയുടെ വിതരണോദ്ഘാടനം റവന്യൂ വിജിലൻസ് വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ കർഷകനായ ഇടത്തടത്തിൽ എ.എം.സെബാസ്റ്റ്യന് നൽകികൊണ്ട് നിർവ്വഹിക്കുന്നു. പ്ലാന്റേഷൻ കോർപറേഷൻ ചെയർമാൻ ഡോ.വർഗീസ് ജോർജ്, ജസ്റ്റിസ് ആന്റണി ഡൊമിനിക്, മുൻസിപ്പൽ ചെയർമാൻ ശ്രീ.സണ്ണി കല്ലൂർ, പ്ലാന്റർ ശ്രീ.ജോണി മാത്യു പൊട്ടംകുളം, അബ്ടെക് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജെ.ജേക്കബ്, റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ.ജെ.തോമസ് എന്നിവർ സമീപം.

abtec COMMITTED TO CONSERVE NATURE

ബ്യുവേറിയ, വെർട്ടിസീലിയം, ബാസിലസ് തുറിഞ്ചിയൻസിസ് തുടങ്ങിയ നവീന ജൈവകീടനാശിനികൾക്ക് കേന്ദ്ര ഗവൺമന്റ് ലൈസൻസ് (CIB) ലഭിച്ച കേരളത്തിലെ ഏക സ്ഥാപനം

**AGRO BIO-TECH RESEARCH CENTRE LTD**
REGD. OFFICE : INDUSTRIAL AREA, POOVANTHURUTHU, KOTTAYAM-686 012
TEL : 0481 6531339, 9446302900, 2341894, 2340211,
www.abtecbiofert.com, email : abtec@sancharnet.in OR abtec.ktm@gmail.com

ISO 9001 BUREAU VERITAS Certification

കൂടുതൽ വിവരങ്ങൾക്ക് : ▸ തിരുവനന്തപുരം, പത്തനംതിട്ട:9447047767 ▸ ആലപ്പുഴ:9447047731, 9447047767 ▸ കോട്ടയം:9447111591 ▸ ഇടുക്കി:9447047724, 9447047733 ▸ എറണാകുളം, കൊല്ലം: 9447047648 ▸ തൃശ്ശൂർ, പാലക്കാട്:9447047726 ▸ കോഴിക്കോട്, മലപ്പുറം: 9447047748 ▸ വയനാട്: 9447047728, 9447047724 ▸ കണ്ണൂർ:9447047723 ▸ കാസർകോഡ്:9447189476

കേരളത്തിലെ പ്രഥമജീവാണുവള നിർമ്മാണ സ്ഥാപനം (Estd.1993).

Printed and Published by H.G.Yuhanon Mar Policarpos Metropolitan, on behalf of President, Orthodox Youth Movement, St. Thomas Bhavan, Kottayam - 1.
Printed at : Peediakkal Offset Printers, Kavumbhagom, Thiruvalla -2. Phone : 94958 37117, 94479 00996 Cheif Editor : Joji P. Thomas, Peediakkal,
Managing Editor : Fr. Thomas George Pattasseril. Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997